# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എൽ.പി-P6/215/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഭരണിക്കാവ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എൽ.പി-P6/215/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-01-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 10-09-2020 മുതൽ 31-01-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 16-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2022 | 16-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സർവ്വശ്രീ മിനി.പി.രാധാകൃഷ്ണൻ (ഓഡിറ്റ് ഓഫീസർ)
മായാദേവി. സി.എസ്. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
സിന്ധ്യ.പി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
മനേഷ് കുമാർ.ജി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ഉണ്ണികൃഷണൻ.സി.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| പ്രൊ.വി.വാസുദേവൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശുഭാദേവി.എസ് | സെക്രട്ടറി | 01-04-2019 | 17-07-2019 |
| ജയകുമാർ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-07-2019 | 12-08-2019 |
| ശുഭാദേവി.എസ് | സെക്രട്ടറി | 13-08-2019 | 01-12-2019 |
| ഹരികുമാർ.കെ.ബി | സെക്രട്ടറി | 02-12-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രീതാ കുമാരി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.എസ്.ജെ.ലേഖ | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ(അലോപ്പതി) | 01-04-2019 | 31-03-2020 |
| ഡോ.അബ്ദുൾ റസാഖ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 11-11-2019 |
| ഡോ.അമൃത | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-11-2019 | 31-03-2020 |
| ഡോ.നൈസി ഖാൻ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 10-03-2020 |
| ഡോ.സവിത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 12-03-2020 | 31-03-2020 |
| | | 11-03-2020 | 31-03-2020 |
| ഷൈലജ.ഒ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ചാച്ചിക്കുട്ടി തോമസ് | ഹെഡ് മാസ്റ്റർ | 01-03-2019 | 31-05-2019 |
| സുജാത | ഹെഡ് മിസ്ട്രസ് | 01-06-2019 | 31-03-2020 |
| സാജ്.എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2019 | 17-07-2019 |
| ജോൺസി ജോർജ്ജ് | അസിസ്റ്റന്റ് എൻജിനീയർ | 18-07-2019 | 31-03-2020 |
| ബീന.പി.ഏസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 26-12-2019 |
| റിഷി.എസ് | ഡയറിഫാം ഇൻസ്ട്രക്ടർ | 27-12-2019 | 31-03-2020 |
| ജയകുമാർ.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഐശ്വര്യ ആർ കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| മേരിലത | ഐ,സി.ഡി.ഏസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| അമിത സി എ | ഐ.സി.ഡി.ഏസ്.സൂപ്പർവൈസർ | 10-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 08-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 11-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 11-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗ വിവരം<br>Written By: Unnikrishnan C (Senior Grade Auditor, On 07-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 08-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Maneshkumar G (Senior Grade Auditor, On 08-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-9 |
| 11 | വസ്തുനികുതി- എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-10 |
| 12 | അനധികൃത നിർമ്മാണം -നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല- തനത് വരുമാനം നഷ്ടപ്പെടുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-11 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി -ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവ് തനത് വരുമാനചോർച്ചക്കിടയാക്കുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-12 |
| 14 | വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി<br>Written By: Unnikrishnan C (Senior Grade Auditor, On 18-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-13 |
| 15 | വസ്തുനികുതി- മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയ അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ചില കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടു | 1-14 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 18-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | |
| 16 | വാണിജ്യാവശ്യകെട്ടിടത്തിന്റ വസ്തുനികുതി നിർണ്ണയം - ആകെ തറവിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-15 |
| 17 | സംഘടനയുടെ പേരിലുള്ള കെട്ടിടം പാർപ്പിടാവശ്യത്തിനായി വസ്തുനികുതി ചുമത്തി- കൂടുതൽ പരിശോധനകൾ നടത്തേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 18-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-16 |
| 18 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയായെ വസ്തുനികുതി ചുമത്തുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 18-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-17 |
| 19 | തൊഴിൽ നികുതി-ദേവസ്വം ക്ഷേത്രജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-18 |
| 20 | തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-19 |
| 21 | തൊഴിൽ നികുതി- എല്ലാസ്ഥാപനങ്ങളെയും ജീവനക്കാരെയും ഡിമാൻഡ് ചെയ്യുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-20 |
| 22 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-21 |
| 23 | ഓഡിറ്റ് ഇംപാക്റ്റ്- വിനോദനികുതിയിനത്തിൽ 33368രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചു.<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-22 |
| 24 | ടെണ്ടർ ഫീ 95824/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 18-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 1-23 |
| 25 | ഇ.എം.എസ് ലോൺ ഡിസ്ബേർസ്മെന്റ് അക്കൌണ്ടിൽ അവശേഷിക്കുന്ന 2284837/-രൂപയുടെ വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-24 |
| 26 | കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - കുറഞ്ഞ നിരക്ക് ഒഴിവാക്കി വാങ്ങൽ നടത്തി<br>Written By: C.S Mayadevi (Asst. Audit Officer, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-25 |
| 27 | വിദ്യാർത്ഥികൾക്ക് റീഡിംഗ് ടേബിൾ, കസേര എന്നിവ വാങ്ങൽ- കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി<br>Written By: C.S Mayadevi (Asst. Audit Officer, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-26 |
| 28 | മഴക്കാല പൂർവ്വ ശുചീകരണചെലവുകൾക്ക് നൽകിയ തുക ചെലവഴിച്ച രേഖകൾ ഹാജരാക്കിയില്ല- തുകതടസ്സപ്പെടുത്തുന്നു.<br>Written By: Maneshkumar G (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-27 |
| 29 | സൌരോർജ്ജ പാനൽ - വൈദ്യുതി ഉപഭോഗവിവരങ്ങൾ | 1-28 |

| | | |
|---|---|---|
| | നിരീക്ഷിക്കപ്പെടുന്നില്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | |
| 30 | ലാപ് ടോപ്പ് വിതരണം- അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-29 |
| 31 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ<br>Written By: C.S Mayadevi (Asst. Audit Officer, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-30 |
| 32 | തെരുവ് വിളക്കുകളുടെ തെറ്റായ കണക്കുകളെ അടിസ്ഥാനപ്പെടുത്തി -കെ.എസ്.ഇ.ബി ബിൽ തയ്യാറാക്കുന്നു<br>Written By: Unnikrishnan C (Senior Grade Auditor, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-31 |
| 33 | 2019-20 സാമ്പത്തിക വർഷങ്ങളിലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.<br>Written By: Maneshkumar G (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-32 |
| 34 | അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-33 |
| 35 | ബാരൽ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു.<br>Written By: Mini.P.Radhakrishnan (Audit Officer, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-34 |
| 36 | തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകളിൽ നിന്നും ജി.എസ്സ്.ടി ഈടാക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-35 |
| 37 | കട്ടിൽ വിതരണം അപേക്ഷകൾ പൂർണ്ണമായി ഹാജരാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-36 |
| 38 | ഒ.എഫ്.സി. കേബിൾ -കരാർ പ്രകാരമുള്ള തുടർനടപടികളുടെ വിവരം ലഭ്യമല്ല.<br>Written By: Mini.P.Radhakrishnan (Audit Officer, On 18-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-37 |
| 39 | ലോഗ് ബുക്ക് കൃത്യമായതരത്തിൽ പരിപാലിക്കുന്നില്ല.<br>Written By: Maneshkumar G (Senior Grade Auditor, On 19-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-38 |
| 40 | കാലിത്തീറ്റ വിതരണം - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല .<br>Written By: Sindhya.P (Asst. Audit Officer, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-39 |
| 41 | കുടിവെള്ള വിതരണം - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ആദായ നികുതി 3560/-രൂപ അടച്ചു<br>Written By: C.S Mayadevi (Asst. Audit Officer, On 17-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-40 |
| 42 | ഹരിതകർമ്മസേന<br>Written By: Sindhya.P (Asst. Audit Officer, On 18-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-41 |
| 43 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം<br>Written By: Sindhya.P (Asst. Audit Officer, On 17-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 1-42 |
| 44 | ലൈഫ് ഭവന പദ്ധതി<br>Written By: Sindhya.P (Asst. Audit Officer, On 17-02-2022) | 1-43 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | |
| 45 | തൊഴിലുറപ്പ് പദ്ധതി- അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 19-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 1-44 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Maneshkumar G (Senior Grade Auditor, On 15-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 25-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 26-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Maneshkumar G (Senior Grade Auditor, On 15-02-2022)<br>Last Updated By: Unnikrishnan C (Senior Grade Auditor, On 26-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 21-02-2019 തീയതിയിലെ തീരുമാനം നമ്പർ -1 പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 227050905 | 219401467 |
| വാർഷിക കണക്ക് പ്രകാരം(ആർ.പി.സ്റ്റേറ്റ്മെന്റ് പ്രകാരം) | 104350582 | 101085207 |
| വാർഷിക കണക്ക് പ്രകാരം( ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 167783921 | 171063046 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 10-05-2020 |

### 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1. ഉറവിടത്തിൽ കുറവ് ചെയ്ത തുക മുഴുവൻ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല. I-6 ൽ ഉൾപ്പെടുത്തിയ വികസനഫണ്ട് പൊതു വിഭാഗം എസ്.സിപി എന്നിവയുടെ മൂന്നാം ഗഡുവിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത താഴെ പറയുന്ന തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഉത്തരവ് | തുക |
|---|---|---|
| ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | GO(Rt) No.10050/2019/Fin | 411764 |
| ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | GO(Rt) No.10050/2019/Fin | 154412 |
| 18-19 ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക | GO(Rt) No.10050/2019/Fin | 766500 |

2. അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്ന തുകകൾ സുലേഖ സോഫ്റ്റവേറിൽ പ്രോജക്റ്റ് തയ്യാറാക്കി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണം.

| ഇനം | തുക | |
|---|---|---|
| 18-19 ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുക | 511000 | GO(Rt) No.2772/2019/Fin |
| | 511000 | GO(Rt) No.6105/2019/Fin |
| | 511000 | GO(Rt) No.10050/2019/Fin |
| ആകെ | 1533000 | |

3. ലോണിന്റെ സോഴ്സ് ഡിഡക്ഷൻ- KURDFC ലോൺ ഇനത്തിൽ താഴെ പറയും പ്രകാരം തുകകൾ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.

എന്നാൽ ഉത്തരവ് പ്രകാരം കുറവ് ചെയ്ത തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താതിരുന്നതിനാൽ ബാധ്യതയായി അവശേഷിക്കുന്ന ലോൺ സംബന്ധിച്ച കണക്കുകളിൽ പിശക് വന്നു.

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 8,23,529 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 2 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 3,08,824 | വികസന ഫണ്ട് ( എസ്.സി.പി) |
| | ആകെ | 11,32,353 | |

എന്നാൽ 566177 രൂപ മാത്രമാണ് തിരിച്ചടവ് എന്നരീതിയിലാണ് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. 566176 രൂപകൂടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. തിരിച്ചടക്കുവാൻ ബാക്കിയുള്ള ലോണായി കാണിച്ചിരിക്കുന്ന 10680657 തെറ്റാണ് (പട്ടിക B-5/ഹെഡ്:330000000).വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. തൊഴിൽ നികുതി-ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതി : രജിസ്റ്റർ പ്രകാരം പത്തിലധികം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ B-15 പട്ടികയിലിത് ഉൾപ്പെടുന്നില്ല.

5. KURDFC ലോൺ- ബി-5 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയും (Outstanding Loan) ബി-16 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ 40000 രൂപയുടെ വ്യത്യാസമുണ്ട്. ലഭ്യമായ ലോണിൽ ഗുണഭോക്താവിന് വിതരണം ചെയ്യാത്ത തുകയാണിതെങ്കിൽ ഈ തുക ഉടരുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുക.

6. നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറുകൾ നൽകുന്നുണ്ടെങ്കിലും മുൻകൂറുകളായി തന്നെ അവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല. പകരം *പേയ്മെന്റ്* എന്ന നിലക്കാണ് അക്കൌണ്ട് ചെയ്യുന്നത്. ആയതിനാൽ പ്രവർത്തിയുടെ നിർവ്വഹണം , തുകയുടെ വിനിയോഗം എന്നിവ നിരീക്ഷിക്കാനാവില്ല.

ഉദാ- ഏഴാം വാർഡിൽ ലൈൻ എക്സ്റ്റെൻഷൻ നടത്തുന്നതിനായി കെ.എസ്.ഇ.ബി ക്ക് 13,924 രൂപ (ചെക്ക് നം- 10096 / 31-12-19 / കേരള ഗ്രാമീൺ ബാങ്ക്") നൽകിയെങ്കിലും ഈ തുക അഡ്വാൻസായി അക്കൌണ്ട് ചെയ്യുകയോ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7.സോഴ്സ് ഡിഡക്ഷൻ തുകകൾ സുലേഖ യിൽ ഉൾപ്പെടുത്തിയില്ല- ഉറവിടത്തിൽ കുറവ് ചെയ്ത തുക പ്രോജക്റ്റ് ആവിഷ്കരിച്ച് സുലേഖ പ്ലാൻ ചെലവ് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.

ഉദാഹരണം- ലൈഫ് തിരിച്ചടവ്, അങ്കണവാടി പ്രതിഫലമിനത്തിൽ കുറവ് ചെയ്ത തുക എന്നിവക്ക് പ്രോജക്റ്റ് ആവിഷ്കരിച്ച് സുലേഖ സോഫ്റ്റ്വെറിൽ ചെലവ് രേഖപ്പെടുത്തിയില്ല.

8.പഞ്ചായത്ത് ദുരിതാശ്വാസനിധിയിലുള്ള തുകയും ( ബി-2 115259) ആയതിന്റെ ബാങ്ക് അക്കൌണ്ടും തമ്മിൽ 608 രൂപയുടെ വ്യത്യാസമുണ്ട്.(A/c നം- 40555100001008) KGB

9.എസ് .ബി.ഐ 30862277730 എന്ന അക്കൌണ്ടിൽ 31-03-20 ൽ 88683 രൂപ നീക്കിബാക്കിയുണ്ടെങ്കിലും 704 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

10. ബി - 8 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. (ഡെപ്പോസിറ്റ്)

11. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയ EFMS തുകയും MGNREGS ക്യാഷ് ബുക്കിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

12.അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് ഓഫീസേഴ്സ് (460500501) എന്ന ഹെഡ്ഡിൽ താഴെ പറയുന്ന നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന വൌച്ചർ |
|---|---|---|

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന വൌച്ചർ |
|---|---|---|
| 1 | വെറ്റിനറി സർജൻ | 3000 |
| 2 | ഹെഡ് മാസ്റ്റർ | 28794 |
| 3 | ഐസിഡിഎസ് സൂപ്പർവൈസർ | 10000 |
| 4 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 25000 |

13.ബി-4 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ പറയുന്ന ബാധ്യതകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറുകളിൽ വിനിയോഗിക്കാത്ത/ വിനിയോഗം രേഖപ്പെടുത്താത്ത തുകകൾ ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1 | 320200101 | വികസനഫണ്ട് പൊതു വിഭാഗം, | 1,02,000 |
| 2 | 320100126 | വികസനഫണ്ട് (എസ്.സി.പി) | 37,00,000 |

14. 30-03-2019 ൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിനായി ലഭിച്ച 12,50,000രൂപ (ജില്ലാ കുടുംബശ്രീ മിഷൻ) യുടെ വിനിയോഗം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

15.320200301 എന്ന ഹെഡ്ഡിൽ ചെലവഴിക്കാനവശേഷിക്കുന്ന ഫ്ലഡ് റിലീഫ് ഗ്രാന്റിന്റെ വിനിയോഗം (14-01-2019 ൽ DDP യിൽ നിന്നും ലഭിച്ചത് ) പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

16. 350409901 എന്ന ഹെഡ്ഡിൽ ബാധ്യതയായി അവശേഷിക്കുന്ന 7100 രൂപയുടെ ഇനം വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

17.350800299എന്ന ഹെഡ്ഡിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള (ഫോറസ്റ്റ് ഡെവലപ്പ്മെന്റ് ടാക്സ്)660 ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

18.നിർവ്വഹണ ഏജൻസികളുടെ പക്കൽ മുടങ്ങിക്കിടക്കുന്ന പണം

വാർഷിക കണക്കുകളിൽ താഴെ പറയുന്ന ഹെഡ്ഡുകൾ പ്രകാരം രൂപ കേരള വാട്ടർ അതോറിറ്റി , കേരള ഗ്രൌണ്ട് വാട്ടർ അതോറിറ്റി എന്നീ ഏജൻസികളുടെ പക്കൽ പണം മുടങ്ങിക്കിടക്കുന്നു. വിനിയോഗവിവരങ്ങൾ ശരിയായി അപ്ഡേറ്റ് ചെയ്യാത്തതുമൂലമാണോയെന്ന് പരിശോധിച്ചുറപ്പാക്കാനുള്ള രേഖകൾ ഹാജരാക്കേണ്ടതാണ്.

| ഹെഡ് കോഡ് | തുക | ഏജൻസി |
|---|---|---|
| 460500201 | 11,97,000 | കേരള വാട്ടർ അതോറിറ്റി |
| 460500204 | 37,00,000 | കേരള ഗ്രൌണ്ട് വാട്ടർ അതോറിറ്റി |

19. 320200399 എന്ന ഹെഡ്ഡിൽ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുള്ള 500000 രൂപ കാവ് കുളം നവീകരണത്തിനായി ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്. എന്നാലിതിന്റെ വിനിയോഗം സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. വാർഷിക കണക്കുകൾ പ്രകാരം ഈ തുക ചെലവഴിക്കാതെ തുടരുകയാണ്.

20. ഗുണഭോക്തൃവിഹിതമിനത്തിൽ ബാധ്യതയായി തുടരുന്ന 18,16,446 യുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല. ഇതിൽ325426രൂപയും മുന്നിരിപ്പായി തുടരുന്ന തുകയാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26790439 |
| വരവ് | 104350582 |
| ആകെ | 131141021 |
| ചെലവ് | 101085207 |
| നീക്കിയിരിപ്പ് | 30055814 |

## 1-4 ഗ്രാന്റ് വിനിയോഗ വിവരം

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP 7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്- | 1,86,20,000 | 15,90,029 | 1,69,91,378 | 1,85,81,407 | 38,593 |

| ക്രമ നമ്പർ | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP 7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| | പൊതുവിഭാഗം | | | | | |
| 2 | വികസന ഫണ്ട്-എസ്.സി.പി | 1,48,54,000 | 3,08,824 | 1,28,39,053 | 1,31,47,877 | 17,06,123 |
| 3 | സംരക്ഷണ ഗ്രാന്റ്-റോഡ് | 1,13,21,000 | 0 | 83,32,046 | 83,32,046 | 29,88,954 |
| 4 | സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 54,51,000 | 0 | 54,21,895 | 54,21,895 | 29,105 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,42,34,509 | 0 | 1,24,94,373 | 1,24,94,373 | 17,40,136 |

ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 8,23,529 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 2 | 18-19 ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക | 7,66,500 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 3 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | 3,08,824 | വികസന ഫണ്ട് ( എസ്.സി.പി) |
| | ആകെ - Rs 18,98,853 | വികസന ഫണ്ട്(പൊതുവിഭാഗം) | 15,90,029 |
| | | വികസന ഫണ്ട് ( എസ്.സി.പി) | 3,08,824 |

## 1-5 പദ്ധതി അവലോകനം

2019-20 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 171 | 128016484 | 109 | 78425890 | 19 | 43 | 63.74% |

പദ്ധതി ചെലവുകൾ (മേഖല തിരിച്ച്)

| മേഖല | ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ആകെ ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഉത്പാദനം(ജനറൽ) | 14 | 11 | 9818908 | 6059308 | 61.72% |
| ഉത്പാദനം(എസ്സ്.സി) | 4 | 4 | 2321310 | 879729 | 37.90% |
| സേവനം(ജനറൽ) | 75 | 59 | 62270772 | 36852926 | 59.18% |
| സേവനം(എസ്സ്.സി) | 15 | 14 | 21963870 | 14214924 | 64.72% |
| പശ്ചാത്തലം(ജനറൽ) | 63 | 40 | 31641624 | 20419003 | 64.53% |
| പശ്ചാത്തലം(എസ്സ്.സി) | ഇല്ല | ഇല്ല | | | |

പശ്ചാത്തല മേഖലയിൽ എസ്സ്.സി വിഭാഗത്തിൽ പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്നത് പദ്ധതി ആസൂത്രണത്തിലെ ഒരു പോരായ്മയാണ്പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലുംആവശ്യമായ മേൽ നിർദ്ദേശം നൽകുന്നതിന് ഉടർ വർഷങ്ങളിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും കൂടതൽ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ (മുന്നിരിപ്പ് ഉൾപ്പടെ) | 59665 | 1578057 | 1637722 | 1151433 | 486289 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 46154433 | 46154433 | 46154433 | |

## 1-7 ക്ഷേമപദ്ധതികൾ

സാമൂഹ്യസുരക്ഷ സഹായങ്ങളായി പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമൂഹ്യസുരക്ഷ സഹായങ്ങൾ | ചെലവഴിച്ച തുക |
|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 54,61,200 |
| 2 | വാർദ്ധക്യകാല പെൻഷൻ | 1,47,57,900 |
| 3 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 21,40,000 |
| 4 | അൻപതുവയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,92,600 |
| 5 | വിധവപെൻഷൻ | 83,34,600 |
| 6 | തൊഴിലില്ലായ്മ വേതനം | 1,36,320 |
| 7 | വാഹധനസഹായം | 90,000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2022 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 67,901/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണെങ്കിലും താഴപ്പറയുന്ന അപാകതകൾ കൂടി പരിഹരിക്കേണ്ടതായി കാണുന്നു. ആസ്തികൾ കൈയ്യേറുന്നതായുള്ള പരാതികൾ മിനിറ്റ്സിൽ

രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്നു വ്യക്തമാകുന്നു. ഇവ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. അടിസ്ഥാന സൌകര്യങ്ങൾ കണക്കിലെടുത്തും വാണിജ്യആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ചും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ വിവിധ വാങ്ങലുകൾ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിനായി പ്രവർത്തിക്കുന്ന പ്രോക്യൂർകമ്മറ്റി കൃത്യമായി കൂടുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല. മുൻകൂർ രജിസ്റ്ററുകളിൽ അഡ്വാൻസ് ക്രമീകരിച്ചതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നില്ല. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കൂടതൽ കുറ്റമറ്റതാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വസ്തുനികുതി- എല്ലാ ഉപയോഗക്രമങ്ങൾക്കുമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തില്ല

വസ്തുനികുതി ചുമത്തുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിർദ്ദേശിക്കുന്ന ഓരോ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിർദ്ദേശിക്കുന്നുണ്ട് . സർക്കാരിന്റെ ആദ്യ വിജ്ഞാപനത്തിനുശേഷം പുതിയ ഉപയോഗക്രമങ്ങളോ ഉപവിഭാഗങ്ങളോ നിർദ്ദേശിക്കപ്പെടുകയും നിരക്ക് നിർണ്ണയത്തിനുള്ള സൌകര്യം സഞ്ചയ സോഫ്റ്റ്വേറിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയങ്ങളിൽ തീരുമാനം എടുത്ത് പുതിയതായി ഉൾപ്പെടുത്തിയ ഉപയോഗക്രമങ്ങൾക്കുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് സഞ്ചയ സോഫ്റ്റ് വേറിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റവേറിൽ അടിസ്ഥാന നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീനിന്റെ ചിത്രം ചുവടെ ചേർക്കുന്നു.

നികുതി വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്ക്രീൻ

| Sl.No | Function | Minimum Rate | Maximum Rate | Rate |
|---|---|---|---|---|
| 1 | പാർപ്പിടാവശ്യം | 3 | 8 | 6 |
| 2 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 30 | 60 | 30 |
| 3 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 50 | 70 | 50 |
| 4 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 30 | 60 | 30 |
| 5 | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 90 | 70 |
| 6 | വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ , പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ | 30 | 60 | 30 |
| 7 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 30 | 50 | 30 |
| 8 | വിദ്യാഭ്യാസാവശ്യം | 3 | 8 | 7 |
| 9 | ആശുപത്രികൾ | 3 | 8 | 8 |
| 10 | അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ | 20 | 40 | 20 |
| 11 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് | 10 | 20 | 15 |
| 12 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 | 60 | 40 |
| 13 | റിസോർട്ടുകൾ | 80 | 90 | 80 |
| 14 | അമ്യൂസ്മെൻറ് പാർക്ക് | 20 | 40 | 40 |
| 15 | മൊബൈൽ ടെലഫോൺ ടവർ | 400 | 500 | 500 |
| 16 | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 | 60 | |
| 17 | വിദ്യാഭ്യാസ സ്ഥാപനത്തിൻറെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം അവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം , കാൻറീൻ,വർക്ക്ഷോപ്പ് | 3 | 8 | |
| 18 | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 | |
| 19 | അയുർവേദ സുഖചികിത്സാകേന്ദ്രങ്ങൾ | 150 | 160 | |
| 20 | കാർഷികാവശ്യത്തിനുള്ളവ | 0 | 0 | |
| 21 | റസിഡൻഷ്യൽ ഹോം സ്റ്റേ | 10 | 25 | |

അടിസ്ഥാന നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 1-11 അനധികൃത നിർമ്മാണം -നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല- തനത് വരുമാനം നഷ്ടപ്പെടുന്നു

പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനനിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള

രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. (കേ.പ.രാജ് നിയമം 235W (liii)) . മേൽ വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കാൻ അധികാരമില്ലാത്ത അനധികൃത കെട്ടിടങ്ങളെ വകുപ്പ് 235 AA അനുസരിച്ച് നികുതി ചുമത്തുന്നതിന് (നിയമാനുസൃതമെങ്കിൽ ഈടാക്കാവുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേരുന്ന തുക) പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. എന്നാൽ പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ അധിക നിർമ്മിതി ഗ്രമപഞ്ചായത്ത് അറിഞ്ഞു നടപടി സ്വീകരിക്കുന്നതിൽ വീഴ്ച സംഭവിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുന്ന വിസ്തൃതിയിൽ നിന്നും വ്യത്യസ്തമായി കെട്ടിടങ്ങളോട് കൂട്ടി ചേർക്കലുകളും അധിക നിർമ്മാണങ്ങളും ഉണ്ടാകുന്ന നിരവധി സാഹചര്യങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന്സ്ഥല പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയ ചില കെട്ടിടങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സ്വകാര്യ സാശ്രയ എൻജിനീയറിംഗ് കോളേജ് കാമ്പസിലുള്ള കെട്ടിടങ്ങളെല്ലാം സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല .

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ സാശ്രയ കോളേജായ മഹാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ താഴെ പറയുന്ന കെട്ടിടങ്ങൾ മാത്രമാണ് സഞ്ചയ ഡേറ്റ ബേസിലുൾപ്പെടുന്നത് .

| കെട്ടിട നമ്പർ | വിസ്തൃതി | ഉപയോഗക്രമം |
|---|---|---|
| 15/33 | 5797.14$m^2$ | കോളേജ് മെയിൻ കെട്ടിടം |
| 15/33 A | 1115.53$m^2$ | കോളേജ് കാന്റീൻ കെട്ടിടം |

ഓഡിറ്റ് ബാച്ചിന്റെ ( ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം -23 )ആവശ്യപ്രകാരം സ്ഥലപരിശോധന നടത്തി ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം ടി കാമ്പസിൽ താഴെ പറയുന്ന കെട്ടിടങ്ങൾ കൂടി ഉൾപ്പെടുന്നു

| ക്രമ നം | വിസ്തൃതി(ച.മീ) | ഉപയോഗക്രമം | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | 5825 | വർക്ക് ഷോപ്പ് കെട്ടിടം | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 2 | 2769 | ജെന്റ്സ് ഹോസ്റ്റൽ | പ്രവർത്തിക്കുന്നു |
| 3 | 1745 | ലേഡീസ് ഹോസ്റ്റൽ | പ്രവർത്തിക്കുന്നു |

വർഷങ്ങളായി പ്രവർത്തിക്കുന്ന കോളേജിലെ നിർമ്മാണം പൂർത്തിയാക്കിയ ഹോസ്റ്റലുകളുടെ വസ്തുനികുതി ഗ്രാമപഞ്ചായത്തിന് ചുമത്താനായില്ല. കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതോ ഉപയോഗിക്കുന്നതോ ആയ കെട്ടിട ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

2) ഓപ്പൺ ടെറസിന്റെ ഭാഗം ട്രസ്സ് വർക്ക് ചെയ്ത് വാണിജ്യാവശ്യത്തിനുപയോഗപ്പെടുത്തുന്ന ഭാഗത്തെ ഗ്രാമപഞ്ചായത്ത് വസ്തുനികുതി ചുമത്തുന്നില്ല.

ഗ്രാമപഞ്ചായത്തിലെ പ്രമുഖ വാണിജ്യസ്ഥാപനമായ രശ്മി ഹാപ്പിഹോം എന്ന സ്ഥാപനത്തിന്റെ താഴെ പറയുന്ന കെട്ടിട നമ്പരുകൾ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാബേസിലുൾപ്പെടുന്നുണ്ട്. എന്നാൽ ഒന്നാം നിലക്കുമുകളിൽ ട്രസ് വർക്ക് ചെയ്ത് ഉപയോഗപ്പെടുത്തുന്ന ഭാഗത്തിന്റെ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടില്ല (ഓഡിറ്റ് അന്വേഷണക്കുറുപ്പ് നം-23 നുള്ള മറുപടി ). ടി ഭാഗം ക്രമവൽക്കരിക്കുന്നതിനായി കെട്ടിട ഉടമ 28/01/21 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപാകതകൾ ഉള്ളതിനാൽ അപേക്ഷ നിരസിച്ചു.നാളിതുവരെയും കെട്ടിട ഉടമ പുതുക്കിയ അപേക്ഷ നൽകുകയോ ഗ്രാമപഞ്ചായത്ത് ടി കെട്ടിടഭാഗത്തെ അനധികൃത കെട്ടിടമെന്ന നിലക്ക് വസ്തുനികുതി ചുമത്തുകയോ ഉണ്ടായിട്ടില്ല. കെട്ടിടഭാഗത്തെ വസ്തുനികുതി ചുമത്തി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

3) അനധികൃതമായി നിർമ്മിച്ച ഭാഗത്തെക്കൂടി ഉൾപ്പെടുത്തി പഴയ കെട്ടിടനമ്പരിൽ വസ്തുനികുതി പരിഷ്കരിച്ചു.

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഇരുപതാം വാർഡിൽ ശ്രീ രാധാകൃഷ്ണൻ, പുത്തൻ വീട്ടിൽ എന്നയാളുടെ ഉടമസ്ഥതയിൽ 20/678 എന്ന നമ്പരിലുള്ള കെട്ടിടത്തിൽ പുത്തൻ വീട്ടിൽ ടെക്സ്റ്റൈൽസ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശപ്രകാരം സ്ഥലപരിശോധന നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കെട്ടിടത്തിന്റെ ഒന്നാം നിലക്ക് മാത്രം ഏകദേശം 165 ച.മീ വിസ്തൃതിയുള്ളതാണ്. മുകൾ ഭാഗത്തായി ട്രസ് വർക്ക് ചെയ്തഭാഗം വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി വിവരശേഖരണം നടത്തിയപ്പോൾ മുൻപുണ്ടായിരുന്ന നമ്പരിന്റെ ഭാഗമായി ഉൾപ്പെടുത്തിയതിനാൽ സഞ്ചയയിൽ ഈ കെട്ടിടത്തിന് നിലവിൽ ഉൾപ്പെടുത്തിയ വിസ്തൃതി 300ച.മീ ആണെന്നും ഗ്രാമപഞ്ചയത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ ഈ ഭാഗം മാറ്റം വന്ന തറ വിസ്തൃതി എന്ന നിലക്കല്ല ഉൾപ്പെടുത്തിയത്. ആയതിനാൽ ഈ കെട്ടിടത്തിന് മുൻപുണ്ടായിരുന്ന വസ്തുനികുതി 68 രൂപ136 രൂപ എന്ന നിലക്ക് മാത്രമാണ് പരിഷ്കരിക്കപ്പെട്ടത്. ഇപ്രകാരം ചെയ്തത് ഗ്രാമപഞ്ചായത്തിന് ഈ കെട്ടിടഉടമയിൽ നിന്നും ലഭിക്കേണ്ടതായ വസ്തുനികുതി കുറയുന്നതിനിടയാക്കി. പഴയ കെട്ടിടത്തിനെ പഴയ കെട്ടിടമെന്ന നിലക്കും കൂട്ടിചേർക്കപ്പെട്ട ഭാഗത്തിനെ പുതിയ കെട്ടിടഭാഗമെന്ന നിലക്കും വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കേണ്ടതാണ്.

4) സെന്റ് തോമസ് കോളേജ് ഓഫ് നേഴ്സിംഗ്-കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ പ്രമുഖ സ്വകാര്യ സാശ്രയ നേഴ്സിംഗ് കോളേജാണ് സെന്റ് തോമസ്സ് കോളേജ് ഓഫ് നേഴ്സിംഗ്. ഗ്രാമപഞ്ചായത്തിന്റെ എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ടി സ്ഥാപനത്തിന്റെ കെട്ടിടം A2/566 5/14-15/84 എന്ന നമ്പരായി കെട്ടിട നിർമ്മാണപെർമ്മിറ്റ് എടുത്ത് നിർമ്മാണം നടന്നുവരുന്ന കെട്ടിടമാണെന്ന് ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വിഭാഗത്തെ അറിയിച്ചിട്ടുണ്ട്. (വിസ്തൃതി 7977.01 ച.മീ)(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 23 നുള്ള മറുപടി) നിലവിൽ ഈ കെട്ടിടത്തിന്റെ പെർമ്മിറ്റ് കാലാവധി28/09/2022 വരെയാണെന്നും സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. എന്നാൽ വർഷങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനം കെട്ടിടം ഭാഗികമായി ഉപയോഗിക്കുന്നുണ്ടോയെന്നുള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. ഈ സ്ഥാപനത്തിന്റെ വെബ്സൈറ്റ് പ്രകാരം 2008 മുതൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. 14-15 കാലയളവിൽ നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ ഭാഗങ്ങൾ സ്ഥാപനം ഉപയോഗിക്കുന്നുണ്ടോയെന്ന് ഗ്രാമപഞ്ചായത്ത് പരിശോധിച്ച് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തുനികുതി -ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവ് തനത് വരുമാനചോർച്ചക്കിടയാക്കുന്നു

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃതമൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം 9 മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്.

1- വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവർ പ്രവർത്തിക്കുന്നു.

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധന നടത്തി വാർഡ് 19 ൽ ശ്രീ ചന്ദ്രശേഖരപിള്ള,ഇല്ലിക്കുളത്ത് വീട്ടിൽ ,കട്ടച്ചിറ എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് -23 നുള്ള മറുപടി ). എന്നാൽ ഈ മൊബൈൽ ടവറിന്റെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചീടാക്കുന്നില്ല. ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിനെ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1- ഒരു ചതുരശ്രമീറ്റർ മാത്രം തറവിസ്തൃതിയുള്ള മൊബൈൽ ടവർ- പരിശോധന നടത്തി വസ്തുത ഉറപ്പ് വരുത്തേണ്ടതാണ്

പഞ്ചായത്തിന്റെ വസ്തുനികുതി ഡേറ്റാ ബേസ് പരിശോധിച്ചതിൽ ബിജി ശ്രീകല ലക്ഷ്മി നിവാസ് എന്ന ഉടമയുടെ പേരിലുള്ളതും കെട്ടിട നമ്പർ9/62 നൽകിയിട്ടുലതുമായ മൊബൈൽ ടവറിന് 1ച.മീറ്റർ മാത്രം വിസ്തൃതിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . ആയതിനാൽ ഈ കെട്ടിട ഉടമക്ക് ചുമത്തിയിട്ടുള്ള വസ്തുനികുതി അടിസ്ഥാനവസ്തുനികുതി നിരക്കായ 500രൂപ മാത്രമാണ്. ഗ്രാമപഞ്ചായത്തിലെ മറ്റ് മൊബൈൽ ടവറുകളുടെ വസ്തുനികുതി 3000 രൂപ മുതൽ 15000 രൂപ വരെയാണ് തറവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്. മൊബൈൽ ടവറുകളുടെ പ്രവർത്തനത്തിന് ജനറേറ്റർ മറ്റനുബന്ധ ഉപകരണങ്ങൾ എന്നിവ അനിവാര്യമായതിനാൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം, ജനറേറ്റർ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണവകുപ്പിന്റെ ആർ ഡി 3/94/2020/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. 9/62 എന്ന നമ്പരിലുള്ള മൊബൈൽ ടവർ ഫീൽഡ് തല പരിശോധനക്ക് വിധേയമാക്കി വിസ്തൃതി സംബന്ധിക്കുന്ന വിവരങ്ങൾ പുനപരിശോധിച്ച് യഥാർത്ഥ വിസ്തൃതിയുടെ( ബേസ് ഭാഗം, ബാറ്ററി ജനറേറ്റർ റൂം ഉൽപ്പെടെ) അടിസ്ഥാനത്തിൽ വസ്തുനികുതി കണക്കാക്കി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

നിരവധി മൊബൈൽ ടവർ ഉടമകൾ നികുതി ശൃംഖലക്ക് പുറത്താണ് എന്നത് വലിയ വരുമാന ചോർച്ചക്കിടയാക്കുന്നു. മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിനൊപ്പം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ചുമത്തുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഈ വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി -റോഡ് സൌകര്യം പരിഗണിക്കാതെ വസ്തുനികുതി ചുമത്തിയത് വരുമാന ചോർച്ചക്കിടയാക്കി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2

കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | വിനോദ്കുമാർ<br>മനോജ് ഭവനം<br>പള്ളിക്കൽ നടുവിലേമുറി | 1/67 B<br>244.42 M2 |
| 2 | ബിജുകുമാർ<br>ജയശ്രീ<br>മാണിക്കകത്ത് വടക്കതിൽ<br>കറ്റാനം | X/323 A |
| 3 | രജീഷ് ,ഗായത്രി<br>കടകമ്പള്ളിൽ<br>കറ്റാനം | XI 179 A |
| 4 | രഞ്ചിത്ത്<br>കോണത്ത്<br>മഞ്ഞാടിത്തറ | 20/434 A |
| 5 | ശിവരാമപിള്ള<br>ചൂനാട്ട് കാർത്തിക | 18/150 A |
| 6 | വിജയൻപിള്ള<br>വിജയഭവനം | 15/93 A |
| 7 | ഷീജ നന്ദകുമാർ<br>പാർവ്വതി നിവാസ്<br>ഭരണിക്കാവ് | 4/462B |
| 8 | ബിന്ദു<br>സംഗീത് ഭവനം | 2/384 B |
| 9 | പി ആർ പ്രകാശ് ആചാരി<br>താരാ പ്രകാശ്<br>പുത്തൻചിറയിൽ<br>കട്ടച്ചിറ | 19/438 A |
| 10 | പ്രവീൺ ജി<br>മടപ്പാട്ട് വടക്കേതിൽ<br>തെക്കേമങ്കുഴി | 16/453 A |

വസ്തുനികുതി റോഡ് സൌകര്യത്തിന്റെ കൂടി അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- മേൽത്തരം തറനിർമ്മിതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമാക്കിയ അടിസ്ഥാന

## വസ്തുനികുതിയിലെ വർദ്ധനവിൽ നിന്നും ചില കെട്ടിടങ്ങൾ ഒഴിവാക്കപ്പെട്ടു

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്,സിമന്റ് ,മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പരും തറവിസ്തൃതിയും |
|---|---|---|
| 1 | സജി ഹാസൻ<br>പുതുശ്ശേരിൽ<br>ഇലിപ്പക്കുളം | 13/239 A<br>348.45 M2 |
| 2 | വിജുകുമാർ<br>സദ്ഗമയ | 2/129 A<br>366.5 M2 |

കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 1-15 വാണിജ്യാവശ്യകെട്ടിടത്തിന്റ വസ്തുനികുതി നിർണ്ണയം - ആകെ തറവിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർജ്ജാർജ്ജും ചട്ടങ്ങൾ പ്രകാരം വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് ഗ്രമപഞ്ചായത്ത് നിർണ്ണയിക്കുകയും ഈ നിരക്കുകളെ അടിസ്ഥാനപ്പെടുത്തി സഞ്ചയ സോഫ്റ്റ്വേർ മുഖാന്തിരം വസ്തുനികുതി നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. വാണിജ്യാവശ്യ കെട്ടിടങ്ങളുടെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിരക്ക് ചുവടെ ചേർക്കുന്നു.

| വാണിജ്യാവശ്യ കെട്ടിടങ്ങളുടെ തരം | നിരക്ക് |
|---|---|
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെയുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 30 |
| വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിനു മുകളിലുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ,ഗോഡൌൺ | 50 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ | 30 |
| വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിനു മുകളിലുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ | 70 |

ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടങ്ങളെ വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെയുള്ള സൂപ്പർമാർക്കറ്റുകൾ, മാളുകൾ എന്നിവയുടെ ഉപയോഗക്രമത്തിൽ 30 രൂപ നിരക്കിലാണ് വസ്തുനികുതി ചുമത്തിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര്<br>ആകെ തറവിസ്തൃതി | കെട്ടിട നമ്പർ-തറവിസ്തൃതി | ചുമത്തിയ നിരക്ക് @30/sqm | ചുമത്തേണ്ട നിരക്ക് | കുറവ് |
|---|---|---|---|---|
| മാത്യു ഐസക്<br>തോട്ടത്തിൽ BBS ബംഗ്ലാവ് | 4/530 A<br>160.7 ച.മീ (Gf) | അടിസ്ഥാന വസ്തുനികുതി-160.7x 30=4821<br>റോഡ്-വർദ്ധനവ് 20%=964.2 | അടിസ്ഥാന വസ്തുനികുതി-160.7x 70=11249<br>റോഡ്-വർദ്ധനവ് 20%=2249.8 | വസ്തുനികുതി-7713<br>ലൈസെസ്- 385 |

| ഉടമയുടെ പേര് ആകെ തറവിസ്തൃതി | കെട്ടിട നമ്പർ- തറവിസ്തൃതി | ചുമത്തിയ നിരക്ക് @30/sqm | ചുമത്തേണ്ട നിരക്ക് | കുറവ് |
|---|---|---|---|---|
| | | ആകെ-5786<br>വസ്തുനികുതി-5786<br>ലൈസെസ്- 290 | ആകെ-13499<br>വസ്തുനികുതി-13499<br>ലൈസെസ്- 675 | |
| 332.55 ച.മീ | 4/535 A<br>160.7 ച.മീ (Ff)<br>11.15 ച.മീ(sf) | അടിസ്ഥാന വസ്തുനികുതി- 171.85x 30=5155.5<br>റോഡ്-വർദ്ധനവ് 20%=1031.1<br>ആകെ-6187<br>വസ്തുനികുതി-6187<br>ലൈസെസ്- 310 | അടിസ്ഥാന വസ്തുനികുതി- 160.7x 70=11249<br>റോഡ്-വർദ്ധനവ് 20%=2249.8<br>ആകെ-13499<br>ആകെ-13499<br>ഒന്നാം നില ഇളവ് 5%=674.95<br>വസ്തുനികുതി - 12825<br>ലൈസെസ്- 642<br>---------------------------<br>അടിസ്ഥാന വസ്തുനികുതി- 11.15x 70=780.5<br>റോഡ്-വർദ്ധനവ് 20%=156.1<br>ആകെ-936.6<br>രണ്ടാം നില ഇളവ് 10%-93.66<br>വസ്തുനികുതി - 843<br>ലൈസെസ്- 43 | വസ്തുനികുതി-7481<br>ലൈസെസ്- 375 |

ഇരു കെട്ടിടങ്ങളും ഒരേ പെർമ്മിറ്റ്(A2 (BA)76093/2018 തീ.11/04/2018 )പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി തേടിയ കെട്ടിടങ്ങളാണ്. 2019 ആദ്യപകുതി മുതലാണ് രണ്ട് കെട്ടിടങ്ങളുടെയും വസ്തുനികുതി നിലവിൽ വന്നത്. എന്നാൽ ഈ വാണിജ്യാവശ്യകെട്ടിടങ്ങളുടെ വസ്തുനികുതി ഒരേ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഇവയെ വ്യത്യസ്തകെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ അടിസ്ഥാന നികുതി നിരക്ക് ചുമത്തി നികുതി നിർണ്ണയിച്ചത് 15194 രൂപ വസ്തുനികുതി കുറയുന്നതിനിടയായി. കെട്ടിടങ്ങളുടെ വസ്തുനികുതി പുനനിർണ്ണയിച്ചീടാക്കി വിവരം ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

## 1-16 സംഘടനയുടെ പേരിലുള്ള കെട്ടിടം പാർപ്പിടാവശ്യത്തിനായി വസ്തുനികുതി ചുമത്തി- കൂടുതൽ പരിശോധനകൾ നടത്തേണ്ടതാണ്

കറ്റാനം ആർട്ട്സ് ലവേഴ്സ് അസോസിയേഷന്റെ പേരിൽ താഴെ പറയുന്ന നമ്പരുകളിൽ വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.

| ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ /വിസ്തൃതി | ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|
| ഗോപിനാഥൻ<br>കറ്റാനം ആർട്ട്സ് ലവേഴ്സ് അസോസിയേഷൻ | 10/480 B<br>82.19 $M^2$ | ഓഫീസ് ആവശ്യം | സ്വകാര്യഓഫീസ് |
| ഗോപിനാഥൻ<br>കറ്റാനം ആർട്ട്സ് ലവേഴ്സ് | 10/480 C<br>155.47 $M^2$ | പാർപ്പിടാവശ്യം | വീടുകൾ |

| ഉടമയുടെ പേര് | കെട്ടിടത്തിന്റെ നമ്പർ /വിസ്തൃതി | ഉപയോഗക്രമം | റിമാർക്സ് |
|---|---|---|---|
| അസോസിയേഷൻ | 49 $M^2$ | | |

ഇതിൽ 10/480 C എന്ന കെട്ടിടം പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതാണ്. ഈ കെട്ടിടത്തിന്റെ കെട്ടിടനികുതി (റവന്യൂ ഡിപ്പാർട്ട്മെന്റിൽ ഒടുക്കുന്നത്) സംബന്ധിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമായിരുന്നില്ല. ആയതിനാൽ കെട്ടിട നികുതി ചുമത്തിയിരിക്കുന്നത് റസിഡൻഷ്യൽ എന്ന നിലക്കാണോയെന്ന് പരിശോധിക്കാനായില്ല. വീടുകൾ എന്ന സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടം പാർപ്പിടാവശ്യത്തിനുള്ള രീതിയില്ല നിർമ്മിച്ചിരിക്കുന്നത് എന്ന് വ്യക്തമാണ്. ക്ലബുകൾ പോലെയുള്ള ആവശ്യങ്ങൾക്കാണോ കെട്ടിടത്തിന്റെ നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് പരിശോധിച്ച് നികുതി നിർണ്ണയം പുനപരിശോധിക്കേണ്ടതാണ്. വസ്തുനികുതി നിർണ്ണയത്തിൽ പിശക് പറ്റിയിട്ടുള്ളപക്ഷം നികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. റവന്യൂവിഭാഗം ചുമത്തുന്ന കെട്ടിടനികുതി രസീതിന്റെ പകർപ്പും പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-17 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഏരിയായെ വസ്തുനികുതി ചുമത്തുന്നില്ല

3 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 30 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| എസ്.എൻ ഫ്യൂവൽസ്<br>എം.കെ സോമൻ<br>എസ് എൻ ആലയം<br>പല്ലാരിമംഗലം പി ഒ | 4/169 | 43 $M^2$ | 1290 |
| മോഹൻ ഫ്യൂവൽസ്,<br>മോഹൻകുമാർ<br>കോപ്പാറേത്ത്<br>കോയിക്കൽ | 20/663 | 40 $M^2$ | 1418 |
| ജയാ ഫ്യൂവൽസ്<br>സുഹദാ ബീവി<br>ഭാവന | 15/403 | 12 $M^2$ | 76 |

യഥാർത്ഥ ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി-ദേവസ്വം ക്ഷേത്രജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയില്ല

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ മാവേലിക്കര ഗ്രൂപ്പ്, കണ്ണനംകുഴി സബ്ഗ്രൂപ്പിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ക്ഷേത്രങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. എന്നാൽ ഈ ക്ഷേത്രങ്ങളിലെ സ്ഥിര /താൽക്കാലിക ജീവനക്കാരെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ചുമത്തുന്നില്ല. ഈ ജീവനക്കാർക്ക് വേതനം നൽകുന്ന ഓഫീസിൽ തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് 2021-22 രണ്ടാം അർദ്ധവർഷം മുതലുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നം | ക്ഷേത്രത്തിന്റെ പേര് |
|---|---|

| ക്രമ നം | ക്ഷേത്രത്തിന്റെ പേര് |
|---|---|
| 1 | വെട്ടിക്കോട് പള്ളിപ്പുറം ശ്രീ ഭദ്രകാളി ദേവിക്ഷേത്രം |
| 2 | ചെറുമണ്ണിൽ ശ്രീമഹാവിഷ്ണ ക്ഷേത്രം |
| 3 | വലിയവീട് ശ്രീദുർഗാ ദേവി ക്ഷേത്രം |
| 4 | മങ്ങാരം ദേവീ ക്ഷേത്രം |

തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി - ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കട്ടച്ചിറ KUCS – II |
| 2 | Vaisyanadathu Health Care Group- II |
| 3 | PKMM ലോവർ പ്രൈമറി സ്കൂൾ എലിപ്പക്കുളം- II |
| 4 | ഗാനം തീയേറ്റർ കോംപ്ലക്സ് -II |

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-20 തൊഴിൽ നികുതി- എല്ലാസ്ഥാപനങ്ങളെയും ജീവനക്കാരെയും ഡിമാൻഡ് ചെയ്യുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും തന്നെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

<u>നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങൾ / ഗോൾഡ് ലോൺ കമ്പനികൾ</u>

1.നെടുംബറമ്പിൽ ക്രഡിറ്റ് സിൻഡിക്കേറ്റ് , കറ്റാനം

2.നെടുംബറമ്പിൽ ലോൺസ് , കറ്റാനം

3.കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ് , കറ്റാനം ( Door No:4/503, First Floor, Puthenpurackal Building, Near Pope Pius II High School, K P Road, Pallikkal Road, Bharanikkavu South, Kattanam, Alappuzha, 690503)

4.മണിമുറ്റത്ത് നിധി ലിമിറ്റഡ്, കറ്റാനം

5കണ്ണാട്ട് ഫിനാൻസ് , മൂന്നാംകുറ്റി

<u>സൂപ്പർമാർക്കറ്റുകൾ / ഫിഷ് ഹബുകൾ</u>

1 രശ്മി ഹാപ്പി ഹോം, കറ്റാനം

2 റോസ് സൂപ്പർ മാർക്കറ്റ്,കറ്റാനം

3 ധർമ്മൂസ് ഫിഷ് ഹബ്, കറ്റാനം

4 മത്സ്യഫെഡ്, കോയിക്കൽ ചന്ത, കറ്റാനം
5 മോർ , കറ്റാനം

6 കാട്ടൂർ സൂപ്പർ മാർക്കറ്റ് , കറ്റാനം

<u>സഹകരണസ്ഥാപനങ്ങൾ</u>

1) ട്രാവൻകൂർ അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സോസൈറ്റി നം-A 1183

2) ഭരണിക്കാവ് പട്ടികജാതി സർവ്വീസ് സഹകരണ ബാങ്ക് A728

3) ഭരണിക്കാവ് പഞ്ചായത്ത് വനിത കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം-A1143

4) മാവേലിക്കര ഹൌസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം.A 294

ഗ്യാസ് ഏജൻസി

1.കുറ്റിക്കാട്ട് ഫ്ലെയിംസ്, ഇൻഡേൻ ഡീലർ

ടൂവീലർ ഡീലർഷിപ്പ്

1.TVS AST മോട്ടോർസ്

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 27/15-02-2022 പ്രകാരം മേൽ സ്ഥാപനങ്ങളെയും സ്ഥാപനങ്ങളിലെ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നില്ലായെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിരുന്നു. എന്നാൽ മിക്ക സ്ഥാപനങ്ങളും 2021-22 ൽ ആരംഭിച്ചവയാണെന്നും അല്ലാത്തവക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ സൂചിപ്പിച്ചതനുസരിച്ച് സ്ഥാപനങ്ങളെ 2021-22 മുതലുള്ള തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-21 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയില്ല

സ്ഥാപനം ഹാജരാക്കിയ ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ പേരിനൊപ്പം രേഖപ്പെടുത്തിയിട്ടുള്ള അർദ്ധവർഷം സ്ഥാപനങ്ങൾക്ക് ബാധകമായ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് / തൊഴിൽ നികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|
| 1 | KSEB കറ്റാനം -------I &II |
| 2 | KSBC കറ്റാനം------ II |
| 3 | പള്ളിക്കൽ KUCS -----I &II |
| 4 | കട്ടച്ചിറ KUCS -- II |
| 5 | ഫെഡറൽ ബാങ്ക് കറ്റാനം---- II |

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം മറുപടി നൽകേണ്ടതാണ്.

## 1-22 ഓഡിറ്റ് ഇംപാക്റ്റ്- വിനോദനികുതിയിനത്തിൽ 33368രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചു.

കേരള ഫിനാൻസ് ആക്റ്റ് 2019 പ്രകാരം തീയേറ്റർ ഉടമകൾ ജി.എസ്.റ്റി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി 16-11-2019 മുതൽ വിനോദനികുതി ഒടുക്കേണ്ടതായിട്ടുണ്ട്. നൂറ് രൂപയിൽ കുറവ് വിലയുള്ള ടിക്കറ്റുകൾക്ക് 5 ശതമാനവും 100/- രൂപക്ക് മുകളിൽ വിലയുള്ള ടിക്കറ്റുകൾക്ക് 8.5 ശതമാനവുമാണ് ഈടാക്കേണ്ട വിനോദനികുതി നിരക്ക്. ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്തമാസം മൂന്നാംതീയതിക്കുള്ളിലാണ് വിനോദനികുതി ഒടുക്കേണ്ടത്. വിനോദ നികുതി സംബന്ധിച്ച ലെഡ്ജർ പരിശോധിച്ചതിൽ (110400101 ) കറ്റാനം ഗാനം സിനി കോംപ്ലക്സിൽ സ്ഥിതിചെയ്യുന്ന നാല്യ തീയേറ്ററുകളിൽ നിന്നും 2020 മാർച്ച് മാസത്തിലെ വിനോദ നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല എന്ന് കണ്ടെത്തുകയും വിവരം 08-02-2022 ലെ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-2 മുഖാന്തിരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയും ചെയ്തു. തുടർന്ന് 11-02-2022 ലെ താഴെ പറയുന്ന രസീതുകൾ പ്രകാരം 2020 മാർച്ച് മാസത്തിലെ വിനോദനികുതി (സർക്കാർ നിർദ്ദേശപ്രകാരം കോവിഡ് 19 വ്യാപനം പ്രതിരോധിക്കാനായി തീയേറ്ററുകൾ പ്രദർശനം നിർത്തിവച്ച 11-03-2020 തീയതി വരെയുള്ളത്) തീയേറ്റർ ഉടമ ഗ്രാമപഞ്ചായത്തിൽ ഒടുക്കി.

| ക്രമ നം | രസീത് നം | തീയതി | തുക |
|---|---|---|---|
| 1 | 1210109076 | 11-02-2022 | 3933 |
| 2 | 1210109077 | 11-02-2022 | 2490 |
| 3 | 1210109078 | 11-02-2022 | 3423 |
| 4 | 1210109079 | 11-02-2022 | 23522 |
| ആകെ | | | 33368 |

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് ഗ്രാമപഞ്ചായത്ത് യഥാസമയം തുടർനടപടികൾ സ്വീകരിച്ചതിനാൽ പഞ്ചായത്തിന് 33368 രൂപ തനത് വരവായി ലഭിച്ചു. ഭാവിയിൽ നികുതി വരുമാനം സമയബന്ധിതമായി തന്നെ ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-23 ടെണ്ടർ ഫീ 95824/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ്

എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20 വർഷം ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ43296/ -രൂപ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.10/2022 തീയതി .02.2022 ന് ലഭ്യമാക്കിയ മറുപടിയിൽ, 2014-15 മുതൽ 2017-18വരെ ടെണ്ടർ ഫീ ഇനത്തിൽ 4,40,207/-രൂപ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും 2018-19,2019-20 വർഷങ്ങളിലായി 95824/- രൂപ (52528+43296) തനതു ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിംഗിന് നിലവിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ഇടപാടുകൾ നടത്തുന്നതിന് എസ്സ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 2018-19 മുതൽ ടെണ്ടർഫീയായി പഞ്ചായത്തിന് ലഭിക്കാനുള്ള 95824/- രൂപ തിരികെ ഈടാക്കി തനത് ഫണ്ടിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 ഇ.എം.എസ് ലോൺ ഡിസ്ബേർസ്മെന്റ് അക്കൌണ്ടിൽ അവശേഷിക്കുന്ന 2284837/-രൂപയുടെ വിനിയോഗം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തില്ല

ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് ഇ.എം.എസ് ഭവനനിർമ്മാണപദ്ധതിക്കായി പള്ളിക്കൽ നടുവിലേമുറി,ഭരണിക്കാവ് സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പതുക തിരികെ ഒടുക്കി. നിലവിൽ സർക്കാർ നൽകേണ്ട പലിശ ബാധ്യതമാത്രമാണ് നിലനിൽക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്യുന്നതിനായി ആരംഭിച്ചിട്ടുള്ള ലോൺ ഡിസ്ബേർസ്മെന്റ് അക്കൌണ്ടുകൾ നിലവിലുണ്ട്. ഈ അക്കൌണ്ടുകളിൽ ചുവടെ ചേർക്കും പ്രകാരം പണം നീക്കിബാക്കിയുണ്ട്. നീക്കിബാക്കിയുള്ള പണത്തിന്റെ വിനിയോഗം എപ്രകാരം നടത്തണമെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടില്ല.

| ബാങ്കിന്റെ പേര് | അക്കൌണ്ട് നം | നീക്കിബാക്കി | അക്കൌണ്ട് ആരുടെ പേരിൽ എന്ന വിവരം |
|---|---|---|---|
| പള്ളിക്കൽ നടുവിലെമുറി SCB നം-965 | 033/09-10 | 54812<br>(31-03-2020) | പ്രസിഡന്റ്<br>സെക്രട്ടറി |
| ഭരണിക്കാവ് SCB നം- 829 | 4229 | 22,30,025<br>(31-03-2013) | എ.എം.ഹാഷിർ<br>പ്രസിഡന്റ്<br>തോമസ് ബേബി<br>സെക്രട്ടറി |

ഭരണിക്കാവ് SCB യിൽ നീക്കിബാക്കിയുള്ള തുക 31-03-2013 പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതാണ്.വാർഷിക കണക്കുകളിൽ ടി തുക ഉൾപ്പെടാത്തതിനാൽ മേൽ അക്കൌണ്ടുകൾ ഗ്രാമപഞ്ചായത്തിന് നിരീക്ഷിക്കാനായില്ല. ഈ അക്കൌണ്ടിൽ പിന്നീട് ക്രഡിറ്റ് ചെയ്യപ്പെട്ട പലിശ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തുവാൻ നിലവിലുള്ള ഭരണസമിതി ബാങ്ക് അധികാരികളോട് രേഖാമൂലം ആവശ്യപ്പെടേണ്ടതാണ്. അക്കൌണ്ടിൽ ആകെ ലഭ്യമായ തുക കണ്ടെത്തി വിനിയോഗം സംബന്ധിച്ചിട്ടുള്ള തീരുമാനങ്ങൾ പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി കൈക്കൊള്ളേണ്ടതും സ്വീകരിച്ച തുടർ നടപടികളുടെ വിവരം ഓഡിറ്റ് വകുപ്പിനെ താമസംവിനാ അറിയിക്കേണ്ടതുമാണ്.സർക്കാർ നിർദ്ദേശാനുസരണം ബാങ്കിൽ നിന്നും എടുക്കുന്ന ലോൺ തുക കൃത്യമായിചെലവഴിക്കാതെ സർക്കാരിന് വൻ തുക പലിശ ബാദ്ധ്യത വരുത്തുന്നത് തെറ്റായ പ്രവണതയാണ്.ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ലൈഫ് ഭവനപദ്ധതിയ്ക്കായി പ്രസ്തുത തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-25 കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ - കുറഞ്ഞ നിരക്ക് ഒഴിവാക്കി വാങ്ങൽ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ : വൗച്ചർ നമ്പർ 219013170/27.3.2020

കമ്മ്യൂണിറ്റി ഹാളിലേക്ക് പ്ലാസ്റ്റിക് കസേര വങ്ങൽ (പ്രോജക്ട് നം.S0159/20 ) പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കമ്മ്യൂണിറ്റി ഹാളിലേക്ക് കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി. കമ്മ്യൂണിറ്റി ഹാളിലേക്ക് കസേരകൾ വാങ്ങുന്നതിന് 22.2.2019 ൽ ക്വട്ടേഷൻ ക്ഷണിച്ചതിൻ പ്രകാരം ശബരി സ്റ്റീൽ ഫർണ്ണിച്ചർ ഹാജരാക്കിയ ടെന്ററിൽ പ്ലാസ്റ്റിക് ചെയർ വിത്ത് ആം ചെയർമാൻ ബ്രാന്റ് 409 രൂപ , പ്ലാസ്റ്റിക് ചെയർ ആംലെസ്സ് ചെയർമാൻ ബ്രാന്റ് -379രൂപ ,തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനം ആം ചെയർ ഫ്രണ്ട് ലി 320 രൂപയുടെയും ആംലെസ്സ് ചെയർ ഫ്രണ്ട് ലി 309 രൂപയുടെയും നിരക്കുകൾ രേഖപ്പെടുത്തിയിരുന്നു. ടി സ്ഥാപനങ്ങളുടെ ഉപകരണങ്ങൾ ഗുണനിലവാരമില്ല എന്ന കാരണത്താൽ പ്രസ്തുത ടെന്ററുകൾ നിരസിക്കുകയും റി ടെന്റർ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ടി

സ്ഥാപനങ്ങളുടെ ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയത് സംബന്ധിച്ച രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. 25.7.19 ൽ റിടെന്റർ നടത്തിയതിൽ ഹയാ ട്രേഡിംഗ് കമ്പനി,ജെയ്സൺ ഇംപക്സ്, കോട്ടയം എന്നീ സ്ഥാപനങ്ങൾ ടെന്റർ ഹാജരാക്കിയെങ്കിലും 16.12.2019 ലെ തീരുമാനം നം.1(2) പ്രകാരം ഉപകരണങ്ങൾ നീൽ കമൽ മോഡൽ 4025 കസേരകൾ ആരും ക്വോട്ട് ചെയ്തിട്ടില്ല എന്ന കാരണത്താൽ പ്രസ്തുത ടെന്ററുകൾ നിരസിക്കുകയും വീണ്ടും ടെന്റർ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. 16.12.2019 ൽ വീണ്ടും ടെന്റർ ക്ഷണിച്ചതിൽ ഭാരത് ഡിസ്ട്രിബ്യൂട്ടേഴസ്, തമ്പുരാൻ കാലയിൽ ട്രേഡ് ലിങ്ക്സ് ,കോഴഞ്ചേരി, ശബരി സ്റ്റീൽ ഫർണ്ണിച്ചർ എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷനുകൾ ഹാജരാക്കിയിരുന്നു. ഇവയിൽ നീൽ കമൽ ആംലെസ്സ് ചെയർ (മോഡൽ 4025) 578 രൂപ . ,ചെയർമാൻ ബ്രാന്റ് ഡീലക്സ് കസേരകൾ 690 രൂപ എന്നീ കുറഞ്ഞ നിരക്കുകൾ ഹാജരാക്കിയ ശബരി സ്റ്റീൽ ഫർണ്ണിച്ചറിന്റെ ക്വട്ടേഷൻ അംഗീകരിച്ച് 129400 രൂപയുടെ വാങ്ങൽ നടത്തി.

ജി ഒ (പി) നം.3/2013/എസ് പിഡി /21.8.2013 സ്റ്റോർ പർച്ചസ് മാനുവൽ ഖ-4-1 പ്രകാരം വാങ്ങൽ നടത്തേണ്ട ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനുകളിൽ ബ്രാന്റ് നെയിം, ഒരു പ്രത്യേക നിർമ്മാതാവിന്റെ കാറ്റലോഗ് നമ്പർ എന്നിവ ഉൾപ്പടുത്താൻ പാടില്ല.എന്നാൽ ഈ ഉത്തരവിന് വിരുദ്ധമായാണ് നീൽകമൽ, ചെയർമാൻ ബ്രാന്റുകളുടെ കസേരകൾ ആവശ്യമാണെന്ന് കമ്മറ്റി തീരുമാനം എടുത്തിട്ടുള്ളത്. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഉപകരണങ്ങൾ ഗുണനിലവാരമില്ല എന്ന് പഞ്ചായത്ത് കമ്മറ്റിയുടെയും പ്രോക്യൂർമെന്റ് കമ്മറ്റി എന്നിവയുടേയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ടെന്ററുകൾ നിരസിച്ചതെന്നും പുതിയ ടെക്നോളജി, ഗുണനിലവാരം എന്നിവ ഉറപ്പാക്കിയതിന് ശേഷമാണ് വാങ്ങൽ നടത്തിയതെന്നും മറുപടിയിൽ പറഞ്ഞിരിക്കുന്നു. എന്നാൽ ഇപ്രകാരം പ്രോക്യൂർമെന്റ് കമ്മറ്റി തീരുമാനം എടുത്തതായി കാണുന്നില്ല . പ്രത്യേക ബ്രാന്റ് വാങ്ങണമെന്ന് കമ്മറ്റി തീരുമാനം എടുത്തതും നടപ്പാക്കിയതും സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. അതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-26 വിദ്യാർത്ഥികൾക്ക് റീഡിംഗ് ടേബിൾ, കസേര എന്നിവ വാങ്ങൽ- കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ:അസിസ്റ്റന്റ് സെക്രട്ടറി
പ്രോജക്ട് നം.39/20
തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ:

49/18.3.2020- രൂപ 48090 /-

50/18.3.20-രൂപ43510/-

51/18.3.20-രൂപ49980/-

53/27.3.20- രൂപ 48090/-

57/25.3.2020-രൂപ 48090/-

81/31.3.20-രൂപ 49980/-

58/24.3.2020-രൂപ 41220/-

വിദ്യാർത്ഥികൾക്ക് റീഡിംഗ് ടേബിൾ, കസേര എന്നിവ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ അനിയൻസ് സ്റ്റീൽ ഫർണ്ണിച്ചർ എന്ന സ്ഥാപനം ഹാജാരാക്കിയ ടെന്റർ അംഗീകരിച്ച് 100 മേശകൾ 2290 രൂപ നിരക്കിലും 84 കസേരകൾ 1190 രൂപ നിരക്കിലും വാങ്ങൽ നടത്തിയിരുന്നു. വാങ്ങൽ നടത്തിയിതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

കുറഞ്ഞ ടെന്റർ ഹാജരാക്കിയ അനിയൻസ് സ്റ്റീൽ ഫർണ്ണിച്ചർ സ്ഥാപനത്തിന്റെ ടെന്റർ പരിശോധിച്ചതിൽ സ്റ്റീൽ ടേബിൾ (സൈസ് 36"*18"*30)20g- 2090, സ്റ്റീൽ ടേബിൾ (സൈസ് 48"*24"30)20g- 2290. സ്റ്റീൽ ചെയർ -1190 എന്നീ നിരക്കുകൾ രേഖപ്പെടുത്തിയിരുന്നു. എന്നാൽ റീഡിംഗ് ടേബിൾ 2290 രൂ പ നിരക്കിൽ വാങ്ങുന്നതിന് 15.2.2020 ലെ 16/2തീരുമാന പ്രകാരം അംഗീകരിച്ചിരുന്നു. ഇപ്രകാരം ഈ സ്ഥാപനത്തിന്റെ കുറഞ്ഞ നിരക്ക് അംഗീകരിക്കാതെ കൂടിയ നിരക്ക് അംഗീകരിച്ച് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 100 മേശകൾക്ക് 200 രൂപ വീതം അധികം നൽകിയത് വഴി 20000 രൂപ അധികം ചെലവഴിച്ചു.

മേൽ പ്രോജക്ട് പ്രകാരം 100 മേശകളും 84 കസേരകളുമാണ് വാങ്ങിയിട്ടുള്ളത്.എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 120 ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. . ഇപ്രകാരം പർച്ചേസ് ബിൽ പ്രകാരമുള്ള എണ്ണത്തേക്കാൾ അധികം ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു. അത് കൂടാതെ വാങ്ങിയ ഉപകരണങ്ങളുടെ നൽകാൻ അവശേഷിക്കുന്ന തുക തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ നൽകിയിട്ടുമില്ല. അപാകതകളിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്

(നം.40/16.2.2022)മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ആകെ ചെലവ് തുക 328960 രൂപ തടസ്സപ്പെടുത്തുന്നു.

## 1-27 മഴക്കാല പൂർവ്വ ശുചീകരണചെലവുകൾക്ക് നൽകിയ തുക ചെലവഴിച്ച രേഖകൾ ഹാജരാക്കിയില്ല- തുകതടസ്സപ്പെടുത്തുന്നു.

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ ഗവ.പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവുകൾക്കായി നൽകിയ ശുചിത്വമിഷൻ ഫണ്ട് തുകയുടെ ചെലവ് രേഖകളും, തനത് ഫണ്ട് രേഖകളും താഴെപ്പറയുന്ന വാർഡുകളുടെ ഹാജരാക്കിയില്ല.

GO(RT)923/2019 തസ്വഭവ.നമ്പർ ഉത്തരവ് പ്രകാരം 03.07.2019 ന് ചെക്ക് നമ്പർ 1404780/03.01.19 ന് 21 വാർഡുകളിലേക്ക് ആകെ അനുവദിച്ച 105000 രൂപയിൽ ഓരോ വാർഡിനും 5000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. .കൂടാതെ ശുചിത്വ മിഷനിൽ നിന്നുള്ള 10000രൂപ വീതം ഓരോ വാർഡിനും16.09.2019 ൽ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തുകകളുടെ ചെലവുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.(എൻക്വയറി നമ്പർ-31/19-20 തീ.15.02.22)

| ക്രമനമ്പർ | വാർഡ് നമ്പർ |
|---|---|
| 1 | II |
| 2 | VIII |
| 3 | X |
| 4 | XI |
| 5 | XV |
| 6 | XVI |
| 7 | XX |
| 8 | XXI |

അറിയിപ്പ് നൽകിയിട്ടും രേഖകൾ യഥാസമയം പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്.രേഖകൾ ഹാജരാക്കാതിരുന്ന 8വാർഡുകളിൽ ചെലവഴിച്ച 1,20,000 (15000x8) ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-28 സൌരോർജ്ജ പാനൽ - വൈദ്യുതി ഉപഭോഗവിവരങ്ങൾ നിരീക്ഷിക്കപ്പെടുന്നില്ല.

പ്രോജക്ട് നം- S0092/19

സോളാർ പാനൽ സ്ഥാപിക്കൽ

അടങ്കൽ 14,70,000/-

പഞ്ചായത്ത് ഓഫിസിനു മുകളിൽ 15 Kwസൌരോർജ്ജ പാനൽ സ്ഥാപിച്ച് കെ.എസ്.ഇ.ബി ക്ക് വൈദ്യുതി നൽകുന്നതിനുള്ള പദ്ധതി ഒക്ടോബർ 2018 ന് നിർവ്വഹണ ഏജൻസിയായ കെൽട്രോണുമായി കരാർ വെച്ച് പ്രവൃത്തി പൂർത്തീകരിച്ചു.3 ഘട്ടങ്ങളിലായി ഇൻവോയ്സ് അനുസരിച്ചുള്ള തുക പൂർണ്ണമായും നിർവ്വഹണ ഏജൻസിക്ക് കൈമാറി നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ നിന്നും ലഭിച്ച കാലിബ്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരം സൌരോർജ്ജ പാനലിന്റെ എനർജി മീറ്റർ അനുസരിച്ച് ഇംപോർട്ട്ചെയ്യുന്ന വൈദ്യുതി, എക്സ്പോർട്ട് ചെയ്യുന്ന വൈദ്യുതി എന്നിവയുടെ വ്യത്യാസമായി 1.93kwh വൈദ്യുതി നെറ്റ് പ്രൊഡ്യൂസായി സൌരോർജ്ജ പാനലിൽനിന്നും ലഭിക്കുമെന്ന് കാണിക്കുന്നു. 21-08-2019 ൽ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭിച്ച് വർക്കിംഗ് കണ്ടീഷനിലാണെന്നുള്ള റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സൌരോർജ്ജ പാനലിൽ നിന്നുള്ള ഉപഭോഗ വിവരങ്ങൾ അറിയുന്നതിനായി താഴെപ്പറയും പ്രകാരം ഓഡിറ്റ് എൻക്വയറി (നം-35/16-02-2022) നൽകിയിരുന്നു.
ഓരോ മാസവും കെ.എസ്.ഇ.ബി, ഗ്രിഡിലേക്ക് നൽകുന്ന വൈദ്യുതിയുടെ അളവ്, പഞ്ചായത്തിന്റെ ഉപഭോഗത്തിന്റെ അളവ്, മിച്ചം നിൽക്കുന്ന വൈദ്യുതിയുടെ അളവ് എന്നിവയുടെ വിവരം, പഞ്ചായത്തിന് ലഭിക്കുന്ന വൈദ്യുതി ബില്ലുകളിൽ, കെ.എസ്.ഇ.ബിക്ക് പാനൽ വഴി നൽകുന്ന എനർജി യൂണിറ്റുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ,ഇപ്രകാരം നൽകുന്ന വൈദ്യുതിയുടെ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ?തുടർ വർഷങ്ങളിൽ ഈയിനത്തിൽ പഞ്ചായത്തിന് കെ.എസ്.ഇ.ബി യിൽ നിന്നും ക്രമീകരിച്ച തുകയുടെ വിവരം?ഇൻപുട്ട്, ഔട്ട്പുട്ട് ,നെറ്റ് പ്രൊഡ്യൂസ് യൂണിറ്റുകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ യഥാവിധി പരിപാലിച്ച് വരുന്നുണ്ടോ ? എന്നിവയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ വൈദ്യുതി ബില്ലിൽ(ഓഫിസ് കെട്ടിടത്തിന്റെ) ഗണ്യമായ കുറവ് വന്നിട്ടുണ്ടെന്നും,പ്രതിവർഷം ചാർജ്ജ് നിശ്ചയിച്ച് നൽകിയിട്ടില്ലെന്നും ഈയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ലെന്നും മേലിൽഉപഭോഗ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകി.

14.7ലക്ഷം രൂപയോളം ചെലവഴിച്ച് സ്ഥാപിച്ച സൌരോർജ്ജ പാനലിന്റെ വൈദ്യതി ഉപഭോഗ വിവരങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ ചെലവ് കുറയ്ക്കാനും അതുപോലെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമാകുന്ന വിധത്തിൽ മേൽ വിഷയം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത്

ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ലാപ് ടോപ്പ് വിതരണം- അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ: -അസിസ്റ്റന്റ് സെക്രട്ടറി
തുക ചെലവഴിച്ചതിന്റെ വിവരങ്ങൾ : 14/30.9.19-രൂപ 183618

79/30.3.20- രൂപ 45406

77/27.3.20-രൂപ 45406

ലാപ് ടോപ്പ് വിതരണം പ്രോജക്ട് പ്രകാരം (S0163/20) 12 ലാപ് ടോപ്പുകൾ 22703 രൂപ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ലാപ് ടോപ്പുകൾ വിതരണം ചെയ്തതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. അഖിൽ എം പ്രസന്നൻ എന്ന വിദ്യാർത്ഥി എസ് സി വിഭാഗത്തിൽ ഉൾപ്പെടുന്നതാണെന്ന് തെളിയിക്കുന്ന രേഖകൾ ഇല്ല. ടി വിദ്യാർത്ഥി 2017-18 ൽ കോഴ്സ് പഠിക്കുന്നതായുള്ള രേഖയാണ് ലഭ്യമാക്കിയത്.

2.ലാപ് ടോപ്പ് കൈപ്പറ്റിയ ഹരികുമാർ , ലക്ഷ്മി ഭവനം, മഞ്ഞാടിത്തറ (21ാം വാർഡ്) എന്ന വിദ്യാർത്ഥി സി ആപ്റ്റ് ,തിരുവനന്തപുരം എന്ന ട്രെയിനിംഗ് സ്ഥാപനത്തിൽ പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് എന്ന കോഴ്സ് പഠിക്കുന്നതായാണ് രേഖ. സ.ഉ(കൈ) നം.22/18/തസ്വഭവയതീ.14.2.2018 ഖ-7.2.8 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക്(ഡിപ്ലോമ) , എഞ്ചിനീയറിംഗ്, മെഡിക്കൽ ,കമ്പ്യൂട്ടർ സയൻസ്, ആർട്ടിക്കിൾ ഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാലാ അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് നൽകാവുന്നത്. മാർഗ്ഗ രേഖയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകിയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം-33/15-02-2022)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മേൽ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 45,406 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-30 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

സെക്രട്ടറി മുഖേന നടപ്പാക്കിയ തെരുവ് വിളക്ക് വാങ്ങലും പരിപാലനവുമായി ബന്ധപ്പെട്ട പ്രോജക്ടുകളിലെഅപാകതകൾ ചുവടെ ചേർക്കുന്നു.

1) എൽ ഇ ഡി ബൾബുകൾ വാങ്ങി സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് (നം.116/20)
തെരുവ് വിളക്ക് സ്ഥാപിക്കൽ

ബിൽ നം.1/14.6.19-രൂപ 1765000

തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രോജക്ട് (നം.116/20) നടപ്പാക്കിയിരുന്നു. 2017-18 ൽ അംഗീകാരം ലഭിച്ച ഈ പ്രോജക്ട് 2018-19,2019-20 വർഷങ്ങളിൽ സ്പിൽ ഓവറായാണ് നടപ്പാക്കിയത്. ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുന്നതിനായി 24Wന്റെ 575 എൽ ഇ ഡി ബൾബുകൾ 3080.86 രൂപ നിരക്കിൽ കെൽട്രോണിൽനിന്ന് വാങ്ങിയിരുന്നു. ഇതോടൊപ്പം ഒരു ബൾബിന്റെ ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ 296.61 രൂപയും ജി എസ് റ്റി 422.53 രൂപയുംഉൾപ്പടെ ആകെ 3400 രൂപയാണ് ഒരു ബൾബ് സ്ഥാപിക്കുന്നതിനുള്ള ചെലവ്. വാങ്ങിയ എൽ ഇ ഡി ബൾബുകൾ വാർഡ് മെമ്പർമാർക്കായി വിതരണം ചെയ്തിരുന്നതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുണ്ട്. 2017-18ലെ പ്രോജക്ട് പ്രകാരം 57 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സൂപ്പർ വിഷൻ ചാർജ്ജായി 1254 രൂപയും 253 ലൈറ്റുകളുടെ സൂപ്പർവിഷൻ ചാർജ്ജായി 5722രൂപയും കെ എസ് ഇ ബിയിൽ അടച്ചിരുന്നു. ആകെ 570 ബൾബുകൾ വാങ്ങിയിരുന്നെങ്കിവും 310 ബൾബുകൾ മാത്രം സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷൻ ചാർജ്ജാണ് കെ എസ് ഇ ബിയിൽ അടച്ചത്. ബൾബുകൾ പൂർണ്ണായി സ്ഥാപിച്ചതായി കെ എസ് ഇ ബിയിൽ നിന്നുള്ള സാക്ഷ്യപത്രംഫയലിൽ സൂക്ഷിച്ചിട്ടില്ല..12.2.2019 ലെ എ1-1297/2018 പ്രകാരം 10 മേഖലകളിൽ സ്ട്രീറ്റ് ലൈറ്റുകൾ കത്തുന്നില്ല എന്ന് ഗ്രാമപഞ്ചായത്തിൽ നിന്ന് കെൽട്രോണിനെ അറിയിച്ചിരുന്നു. എന്നാൽ ഈ ലൈറ്റുകളുടെ കേട് പാടുകൾ പരിഹരിച്ചിരുന്നോ എന്ന് വ്യക്തമല്ല. അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9/10.2.2022)ലഭ്യമാക്കിയ മറുപടിയിൽ . ലൈറ്റുകൾ പൂർണ്ണമായി സ്ഥാപിച്ചതായുള്ള സർട്ടിഫിക്കറ്റ് കെ എസ് ഇ ബി തരാറില്ലെന്നും ലൈറ്റുകൾ സ്ഥാപിച്ച് കെ എസ് ഇ ബി തന്നെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് തന്നതിന് ശേഷം ജനപ്രതിനിധികൾ പരിശോധിച്ചതിന് ശേഷം മാത്രമാണ് അടുത്ത പർച്ചേസിംഗിനുള്ള തുക അനുവദിക്കാറുള്ളത് എന്നും കേടായ ലൈറ്റുകളുടെ അപാകതകൾ കെൽട്രോണിൽ നിന്ന് പരിഹിരിച്ചിട്ടുണ്ട് എന്നും മറുപടിനൽകി. സൂപ്പർവിഷൻ ചാർജ്ജ് നലകിയതിന് ശേഷം എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചതായി കെ എസ് ഇ ബിയിൽ നിന്ന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. അപാകതകൾ ഒഴിവാക്കി പ്രോജക്ട്നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2)തെരുവ് വിളക്ക് പരിപാലനത്തിന് ഉപകരണങ്ങൾ വാങ്ങൽ -

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നംS0008/2020 പ്രകാരം സർക്കാർ സ്ഥാപനമായ ക്രൂസിൽ നിന്ന് തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങിയിരുന്നു. 654096 രൂപ (78 To 90/18.3.20-50000x 12, 90/18.3.20-37152,91 /18.3.20-16944, ചെലവഴിച്ച് താഴെ ചേർത്തിട്ടുള്ള ഇനങ്ങളാണ് വാങ്ങിയത്.

| ഇനം | എണ്ണം | നിരക്ക് |
|---|---|---|
| ട്യൂബ് ലൈറ്റ് | 3150 | 40.79 |
| ചോക്ക് | 3150 | 120.4 |
| ഇൻസുലേഷൻ ടേപ്പ് | 526 എണ്ണം | 10.68 |
| അലുമിനിയം വയർ 2 കോർ | 126 എണ്ണം | 747.53 |

തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 2018-19 ലെ നീക്കിയിരിപ്പായി ട്യൂബ് -1481 , ചോക്ക് -1139, ടേപ്പ്- 402 എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ളപ്പോഴാണ് 2019-20 വർഷം വീണ്ടും പ്രോജക്ട് ആവിഷ്കരിച്ച് വാങ്ങൽ നടത്തിയിട്ടുള്ളത്. 2019-20 വർഷവും നീക്കിയിരിപ്പായി ട്യൂബ്-2153, ചോക്ക്-1811, ടേപ്പ്-587,വയർ- 93 എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഇപ്രകാരം വൻതോതിൽ ഉപകരണങ്ങൾ വാങ്ങുന്നത് മൂലം ഉപകരണങ്ങളുടെ വാറണ്ടി കാലാവധിക്കുള്ളിൽ ഉപയോഗിക്കാൻ സാധിക്കാതിരിക്കുകയും അത് വഴി കേടായ ഉപകരണങ്ങൾ മാറ്റി ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടാനും സാദ്ധ്യതയുണ്ട്. വാർഡ് മെമ്പർമാർ, കെ എസ് ഇ ബി അധികൃതർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പോസ്റ്റുകളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യമായ ഉപകരണങ്ങളുടെ കൃത്യമായ കണക്കുകൾ തയാറാക്കി വാങ്ങൽ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-31 തെരുവ് വിളക്കുകളുടെ തെറ്റായ കണക്കുകളെ അടിസ്ഥാനപ്പെടുത്തി -കെ.എസ്.ഇ.ബി ബിൽ തയ്യാറാക്കുന്നു

ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നതിലേക്കായി 2019-20 വർഷം ആകെ 26,40,217രൂപ ചെലവഴിച്ചു. (RP-13പട്ടിക / ഹെഡ് കോഡ്-230100101). തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി പഞ്ചായത്ത് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി കറ്റാനം ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. (കൺസ്യൂമർ നം-1155285000861) . എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്റ്റ് ലോഡ് (125375Watts)* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന്(ഓഡിറ്റ് എൻക്വയറി നം- 01/19-20/08-02-22) കെ.എസ്സ്.ഇ.ബി കറ്റാനം ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ കണക്കിൽ 475 സാധാരണ ബൾബുകളും 1566 ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 19-20 ലെ വാർഷിക പ്രോജക്റ്റിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്റ്റിലും നിരവധി LED ബൾബുകൾ വാങ്ങി സ്ഥാപിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ ഉണ്ടായിരിക്കുവാൻ സാധ്യതയില്ല. എന്നാൽ കെ.എസ് ഇ ബി ബില്ലിംഗിനായി പരിഗണിക്കുന്ന തെരുവ് വിളക്കിന്റെ കണക്കുകളിൽ 185 LED ബൾബുകൾ മാത്രമാണുള്ളത്. ബാക്കിയെല്ലാം ഉയർന്ന വൈദ്യുത ഉപഭോഗവും ഉയർന്ന പ്രതിമാസ നിരക്കുമുള്ള ഇനം തെരുവ് വിളക്കുകളാണ്. സംയുക്ത പരിശോധന നടത്താത്തതും ഗ്രാമപഞ്ചായത്ത് മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതുമൂലവും വളരെ ഉയർന്ന പ്രതിമാസ വൈദ്യുത ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. 2022 ഫെബ്രുവരി മാസം ഗ്രാമപഞ്ചായത്തിന്റെ മീറ്ററിംഗില്ലാത്ത തെരുവ് വിളക്കുകളുടെ വൈദ്യുത ബിൽ തുക 2,14,049 രൂപയാണ്. (കണക്റ്റഡ് ലോഡ്-125375)സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ കണക്കുകളിലൂടെ കെ.എസ്.ഇ.ബി ബില്ലിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

കറ്റാനം കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം ,തരം കണക്റ്റഡ് ലോഡ് എന്നിവ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 1 | LED 1x20 | 185 | 20 | 3700 |

| ക്രമ നം | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 2 | CFL: Automatic On /Off – 2x11 | 468 | 22 | 10296 |
| 3 | CFL On/off 1x11 | 138 | 11 | 1518 |
| 4 | CFL On/off 2x11 | 310 | 22 | 6820 |
| 5 | Sodium Vapour Lamp 1x250 | 4 | 250 | 1000 |
| 6 | Mercury Vapour Lamp 1x125 | 1 | 125 | 125 |
| 7 | Fluorescent Tube- 1 X40 | 1155 | 40 | 46200 |
| 8 | Fluorescent Tube-2x40 | 411 | 80 | 32880 |
| 9 | Ordinary Bulb -1x60 | 145 | 60 | 8700 |
| 10 | Ordinary Bulb -1x40 | 330 | 40 | 13200 |
| ആകെ | | - | | 124439 |

(കെ.എസ് .ഇ.ബി ലഭ്യമാക്കിയ കണക്കുകളും 2022 ഫെബ്രുവരിയിലെ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്റ്റഡ് ലോഡും തമ്മിൽ 936 W ന്റെ വ്യത്യാസമുണ്ട്.വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.)

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറ്റുകയും പുതിയതായി സ്ഥാപിക്കുന്നവ ഊർജ്ജ ഉപഭോഗം കുറഞ്ഞവയാക്കിയിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ് ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ് , സി.എഫ്.എൽ, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ്.

തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).


| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 15W | 46 |
| LED | 24 W | 41 |
| F.Tube | 1x 40 W | 159 |
| F.Tube | 2x 40 W | 326 |
| LED | 18 W | 27 |

(പട്ടിക പൂർണ്ണമല്ല)

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.

***2x40 watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും***

***തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം***




ഒരു സാധാരണ ബൾബു (Ordinary Incandescent Bulb) പോലും ഗ്രാമപഞ്ചായത്തിലില്ല എന്നിരിക്കെ 475സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ , 1566 ഫ്ലൂറസെന്റ് ട്യൂബുകൾ തുടങ്ങിയ ഉയർന്ന ഉപഭോഗ നിരക്കുള്ള തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ഭരണിക്കാവ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാകുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-32 2019-20 സാമ്പത്തിക വർഷങ്ങളിലെ വാർഷികപദ്ധതികൾക്കായി നടത്തിയ ടെൻഡർ നടപടിക്രമങ്ങൾക്ക് പത്രപ്പരസ്യം നല്കിയത് നിർദ്ദിഷ്ട "വിൻഡോ'തരത്തിലല്ല.

2019-20 സാമ്പത്തിക വർഷം ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് ടെൻഡറുകൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | പത്രത്തിന്റെ പേര് | പരസ്യങ്ങളുടെ വിശദാംശം | പരസ്യത്തിന്റെ വലിപ്പം (സെന്റീമീറ്റർ സ്ക്വയറിൽ) | | നിരക്ക് | ഡിസ്കൗണ്ട് % | ആകെ SGST&CGST @2.5 | വൌച്ചർ നമ്പർ | ചെക്ക് നമ്പർ,തീയതി |
|---|---|---|---|---|---|---|---|---|---|
| | | | വീതി | നീളം | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 24.10.18 | മാതൃഭൂമി | വൃദ്ധർക്ക് കട്ടിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് നൽകിയ പത്രപ്പരസ്യം | 8 | 6 | 240 | 15% | 9792 (Sgst-244 Cgst-244) | 51900185 | 8856 07.06.19 |
| 17.10.18 | മാതൃഭൂമി | 2019-20 ലെ വാർഷിക പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തിയ പത്രപ്പരസ്യം | 8 | 5 | 240 | 15% | 8160 (Sgst-204 Cgst-204) | 51900186 | 8856 07.06.19 |
| 04.09.19 | ദേശാഭിമാനി | വിവിധ മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നൽകിയ വിൻഡോ പരസ്യം | 6 | 8 | 180 | 15% | 7711 (Sgst-186.6 Cgst-186.6) | 51900187 | 8887 07.06.19 |
| 8.04.19 | മാതൃഭൂമി | ഗവ.യു.പി സ്കൂളിന്റെ മതിൽ പൊളിച്ച് മാറ്റുന്നതിനുള്ള പരസ്യം | 8 | 4 | 240 | 15% | 6620 (Sgst-165 Cgst-165) | 51900232 | 9160 03.07.19 |
| 25.07.19 | മാതൃഭൂമി | തെരുവുവിളക്ക് പരിപാലനംടെൻഡർ | 8 | 5 | 260 | 15% | 9282 (Sgst-221 Cgst-221) | 51901278 | 9862 20.09.19 |
| 17.07.19 | മാതൃഭൂമി | റീ ടെൻഡർ പരസ്യം | 8 | 6 | 260 | 15% | 11138 (Sgst-265 Cgst-265) | 51900287 | 009226/21.09.19 |
| 27.07.19 | ദേശാഭിമാനി | തെരുവുവിളക്കുകളുടെ പരിപാലനം ടെൻഡർ | 4.5 | 8 | 180 | 15% | 5783 (Sgst-137.7 Sgst-137.7) | 51900288 | 009226/21.09.19 |
| 21.07.19 | ദേശാഭിമാനി | തെരുവുവിളക്കുകളുടെ പരിപാലനം ടെൻഡർ | 5 | 8 | 180 | 15% | 6426 (Sgst-153 Sgst-153) | 51900288 | 009229/21.10.19 |
| 19.07.19 | മാതൃഭൂമി | റീ ടെൻഡർ പരസ്യം | 8 | 5 | 260 | 15% | 8840 (Sgst-221 Cgst-221) | 51900290 | 009226/21.09.19 |
| | | ആകെ | | | | | 73752 | | |

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് -ഡി) വകുപ്പിന്റെ 7441/ഡി-1/04 എം ആന്റ് പി ആർ. 21.06.04 ലെ സർക്കുലർ പ്രകാരം ദർഘാസ് പരസ്യങ്ങൾ "വിൻഡോ" രൂപത്തിൽ (24ച.സെ.മീ.വലിപ്പം) മാത്രമായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ നടത്തിയ ടെൻഡർ, വാങ്ങലുകൾക്ക് നടത്തിയ പത്രപരസ്യങ്ങൾക്ക് പ്രസ്തുത നിർദ്ദേശം പാലിക്കപ്പെട്ടില്ല എന്നത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ വലിയ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളിൽ അടിയന്തിരമായി വിശദീകരണം ഓഡിറ്റിന് നല്കേണ്ടതാണ്.പരസ്യത്തിനായി ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-33 അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല .

വെറ്റിനറി സർജന് അഡ്വാൻസ് ഇനത്തിൽ 31000 രൂപ ചെക്ക് നം . 3705438/28-09-19 പ്രകാരം പിൻവലിച്ച് നൽകിയിട്ടുണ്ട് . അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച് വെറ്റിനറി സർജൻ ഹാജരാക്കിയ രേഖകൾ

പരിശോധിച്ചതിൽ ബാങ്ക് പാസ്സ് ബുക്കിൽ ( അക്കൗണ്ട് നം . 707081400000022) ടി തുക വരവ് വന്നിട്ടില്ല . 2018-19 വർഷത്തെ ഏതാനും ഇലക്ട്രിസിറ്റി ബിൽ , ടെലഫോൺ ബിൽ എന്നിവയാണ് അനുബന്ധ വൗച്ചറുകളായി ഹാജരാക്കിയിട്ടുള്ളത് . ഏതൊക്കെ ആവശ്യത്തിനാണ് ഈ തുക വിനിയോഗിച്ചിട്ടുള്ളതെന്ന് രേഖപ്പെടുത്തിയ വെറ്റിനറി സർജന്റെ പ്രൊസീഡിംഗ്സോ ഓഫീസ് നോട്ടോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല . അഡ്വാൻസ് അഡ്ജസ്റ്റ് ചെയ്തത് സംബന്ധിച്ച വൗച്ചറുകളുടെ കൃത്യത ഉറപ്പാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് . തുക ബാങ്ക് പാസ്സ് ബുക്കിൽ വരവ് വയ്ക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ് .

## 1-34 ബാരൽ വില തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്യുന്നു.

30-10-2017 ലെ സർക്കുലർ നം. 59827/എഫ്.എം/07. ത.സ്വ.ഭ.വ പ്രകാരം കരാറുകാരനിൽ നിന്ന് ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാമെന്നും ടാർവീപ്പ വിറ്റുകിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത്( വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി.) 177/2006/ധനം 12-04-2006 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ 2019-20 വർഷം ഏറ്റെടുത്ത താഴെപ്പറയുന്ന വർക്കുകളുടെ ബില്ലുകളിൽനിന്നും ബാരൽ വിലയായി ഈടാക്കിയ തുക തനതു ഫണ്ടിൽ ക്രഡിറ്റ് ചെയ്തതായി കാണുന്നു.

| ക്രമ നം | പ്രോജക്ട് നം | വർക്കിന്റെ പേര് | തുക |
|---|---|---|---|
| 1 | (പ്രോജക്ട് നം. S0080/19 | ഉദ്യാനം മുക്ക്-ദ്വാരകമുക്ക് റോഡ് മെയിന്റനൻസ് | 7378/- |
| 2 | പ്രോജക്ട് നം.s0082/19) | 2. വിളപ്പുറത്തുമുക്ക്-കന്നിമേൽ റോഡ് മെയിന്റനൻസ് | 4998/- |
| 3 | പ്രോക്ട് നം.s0073/19 | മൂന്നുകണ്ടത്തിൽ- ചൂനാട് മുക്ക് റോഡ് മെയിന്റനൻസ് | 2142/- |
| 4. | പ്രോജക്ട് നം. S0062/19 | തുളസി ഭവനം- കന്നിമേൽ കളീക്കൽ റോഡ് മെറ്റലിംഗ് & ടാറിംഗ് | 3332/- |
| 5. | പ്രോജക്ട് നം. S0200/19 | വില്ലേജ് ഓഫീസ് ടെലഫോൺ എക്സ്ചേഞ്ച് | 2142/- |
| 6. | പ്രോജക്ട് നം. S0075/19 | നെടിയത്ത്-കൃപാലയം റോഡ് പുനരുദ്ധാരണം | 2380/- |
| 7. | പ്രോജക്ട് നം. So019/19 | മിൽക്ക് സൊസൈറ്റി -വായനശാല റോഡ് പുനരുദ്ധാരണം | 4760/- |

| ക്രമ നം | പ്രോജക്ട് നം | വർക്കിന്റെ പേര് | തുക |
|---|---|---|---|
| 8. | പ്രോജക്ട് നം. S0031/18) | പൂവണ്ടിശ്ശേരിൽ മുക്ക്-ചെറുവിളേത്ത് ജംഗ്ഷൻ റോഡ് റിടാറിംഗ് | 4760/- |
| 9 | പ്രോജക്ട് നം. S0083/19 | പടനിലത്ത് മുക്ക്-അമ്പിളി കാരാഴ്മ റോഡ് പുനരുദ്ധാരണം | 2856/- |
| | ആകെ | | 34748 |

മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.38 തീയതി 16-02 -2022) ലഭ്യമാക്കിയ മറുപടിയിൽ, അതാത് പ്രവൃത്തികളുടെ ഹെഡ്ഡ് ഓഫ് അക്കൌണ്ടിലേക്ക് ബാരൽ വില ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ബാരൽ വിലയായി കരാറുകാരന്റെ ബില്ലിൽ നിന്നും കുറവ് വരുത്തി തനതു ഫണ്ടിൽ അടച്ച തുക വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ തിരിച്ചടക്കേണ്ടതാണ്.

## 1-35 തൊഴിലുറപ്പ് പദ്ധതി-മെറ്റീരിയൽ വർക്കുകളിൽ നിന്നും ജി.എസ്സ്.ടി ഈടാക്കുന്നില്ല

ജി.എസ്സ്.ടി നിയമം വകുപ്പ് 51പ്രകാരം 2.50 ലക്ഷം രൂപക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരിൽ നിന്ന് 2% വരുന്നതുക ജി.എസ്സ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്സ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്സ്.-സി/16/ആർ.ഇ.ജി.എസ്സ് പ്രകാരം അന്തിമ ബില്ലനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബില്ല് സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമ പഞ്ചായത്തിലൊടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്സ്.ടി വകുപ്പിലടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.എന്നാൽ 2019-20 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കുകളിൽ, സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് | ജി.എസ്.ടി |
|---|---|---|---|
| ഐക്കരേത്ത് റോഡ് കോൺക്രീറ്റിംഗ് | ഷമീർമോൻ | 367779 | 7356 |
| മണി മന്ദിരം റോഡ് കോൺക്രീറ്റിംഗ് | ഷമീർമോൻ | 280500 | 5610 |
| പള്ളിതെക്കതിൽ-കീപ്പള്ളിത്തറ റോഡ് കോൺക്രീറ്റിംഗ് | ഷമീർമോൻ | 382687 | 7654 |
| കുറ്റിപറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | ഷമീർമോൻ | 343267 | 6865 |
| ആകെ | | | 27485 |

മേൽവിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം42/16-02-2022 ) ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തുക ഈടാക്കി ജി.എസ്സ്.ടി വകുപ്പിലടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മേൽ സർക്കുലർ പ്രകാരം സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-36 കട്ടിൽ വിതരണം അപേക്ഷകൾ പൂർണ്ണമായി ഹാജരാക്കിയില്ല

തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ : ബിൽ നം . 7/14.7.2019- 170000 രൂപ

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ശുഭരാത്രി കട്ടിൽ വിതരണം സ്പിൽ ഓവർപ്രോജക്ട് പ്രകാരം 40 കട്ടിലുകൾ 4250 രൂപ നിരക്കിൽ താരാ ഫർണ്ണിച്ചർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ 1)ഓമന, പുത്തൻ കണ്ടത്തിൽ,2) ഉമ്മിണി,നഗരൂർ തെക്കതിൽ 3)ദാമോദരൻ, ഷൈജു ഭവനം, കട്ടച്ചിറ , 4) സുരേന്ദ്രൻ,ഇല്ലത്ത് കിഴക്കതിൽ ,വെട്ടിക്കോട്എന്നീ വ്യക്തികളുടെ അപേക്ഷകളോടൊപ്പം ടി വ്യക്തികൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. കൂടാതെ ആനുകൂല്യം കൈപ്പറ്റിയ1) ശാന്ത, തയ്യിൽ പടീറ്റതിൽ , -വാർഡ് 17, 2) ലക്ഷ്മി, ഇടപ്പുകയിൽ, -W21, 3) കുഞ്ഞുകുഞ്ഞമ്മ, ഇടപ്പുര വടക്കതിൽ ,W-21, 4)തങ്കമണി, പരിയാരത്ത് വിള-W20 എന്നീ വ്യക്തികളുടെ അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി/ രേഖകൾ ഹാജരാക്കിയില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ ടി വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 34000 രൂപ (8x4250) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 ഒ.എഫ്.സി. കേബിൾ -കരാർ പ്രകാരമുള്ള തുടർനടപടികളുടെ വിവരം ലഭ്യമല്ല.

റിലയൻസ് ജിയോ ഇൻഫോ കോം, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മേപ്പള്ളികുറ്റി ജംഗ്ഷൻ മുതൽ സെന്റ് തോമസ്സ് മിഷൻ ഹോസ്പിററലിന് സമീപം വരെയുള്ള .4 കിലോ മീറ്റർ നീളത്തിൽ റോഡിൽ ഒ.എഫ്.സി. കേബിൾ വലിക്കുന്നതുമായി ബന്ധപ്പെട്ട് 02-11-2018 ൽ പഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു.അപേക്ഷയിൽ 9 പിറ്റുകൾ ആവശ്യമാണെന്നും റോഡ് സർഫസ്സിന് കേടുപാടുകൾ ഉണ്ടാകാതെ പ്രവൃത്തി നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇതിനായി 24-09-2019 ൽ പഞ്ചായത്ത് അനുമതി നൽകുകയും റിസ്റ്റൊറേഷൻ ചാർജ്ജ് ഒഴിവാക്കി 9 പിറ്റുകളുടെ കട്ടിംഗ് ചാർജ്ജ് ഇനത്തിൽ മാത്രമായി (9x1.5x1.5=20.25m2) 6252.24/m2 നിരക്കിൽ 126608/- രൂപ ഈടാക്കിയിട്ടുണ്ട്. കുഴികൾ മണ്ണിട്ടുമൂടി പൂർവ്വസ്ഥിതിയിലാക്കുന്നതിന് സ്ഥാപനവുമായി 17-09-2019ൽ പഞ്ചായത്ത് കരാർ വെച്ചു. ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റോഡ് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകിയിട്ടില്ല.പരിശോധിച്ച് വിവരം നൽകുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.റിസ്റ്റൊറേഷൻ ചാർജ്ജ് ഒഴിവാക്കി കട്ടിംഗ് ചാർജ്ജ് മാത്രം ഈടാക്കി പ്രവൃത്തി നടത്താൻ അനുമതി നൽകിയ സാഹചര്യത്തിൽ തുടർനടപടികൾ വീക്ഷിക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പൂർവ്വസ്ഥിതിയിലാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാത്തപക്ഷം റിലയൻസ് ജിയോ ഇൻഫോ കോമിൽ നിന്നും റിസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-38 ലോഗ് ബുക്ക് കൃത്യമായതരത്തിൽ പരിപാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹന പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കാണുന്നു. വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറയ്ക്കേണ്ടതാണ്. ഇന്ധനം നിറച്ച തീയതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ഉദ്യോഗസ്ഥന്റെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ടാങ്ക് പൂർണ്ണമായി നിറച്ചതിന് ശേഷം വാഹനം ഓടിയ ദൂരവും വീണ്ടും നിറയ്ക്കുന്നതിനുള്ള അളവും കണക്കിലെടുത്ത് ഒരു കിലോമീറ്ററിനുള്ള ഇന്ധന ഉപഭോഗത്തിന്റെ അളവ് കണക്കാക്കേണ്ടതും കാര്യമായ വ്യതിയാനം കാണുന്ന പക്ഷം വാഹനത്തിന്റെ കേടുപാട് തീർക്കേണ്ടതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗത്തെ സംബന്ധിക്കുന്ന സർക്കാർ ഉത്തരവ് നമ്പർ(എം.എസ്)170/07 തസ്വഭവ. തീയതി. 30.06.2007 പ്രകാരം പൊതുമാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഫ്യുവൽ അബ്സ്ട്രാക്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ ഇന്ധന ഉപഭോഗവും ഇന്ധനക്ഷമതയും പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധ്യമല്ലാതെ വരുന്നു.അധികൃതർ ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-39 കാലിത്തീറ്റ വിതരണം - രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല .

പ്രോജക്ട് നം - 76/20

പ്രോജക്ടിന്റെ പേര് - കറവപ്പശുക്കൾക്ക് തീറ്റ ( എസ് . സി. പി .)

നിർവഹണം - വെറ്ററിനറി സർജൻ

വിതരണം നടത്തിയ കാലിത്തീറ്റയുടെ ഇൻവോയിസ് , വിതരണ ലിസ്റ്റ് എന്നിവ കൃത്യമായി സൂക്ഷിച്ചിട്ടില്ല . ഇൻവോയിസുകളിൽ തീയതി , നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു .

| ചെലവ് തുക | ട്രഷറി ബിൽ നം | തുക കൈപ്പറ്റിയ ക്ഷീരസംഘം | അപാകത |
|---|---|---|---|

| ചെലവ് തുക | ട്രഷറി ബിൽ നം | തുക കൈപ്പറ്റിയ ക്ഷീരസംഘം | അപാകത |
|---|---|---|---|
| 50000 | 53/19-20 /20-03-20 | തെക്കേ മങ്കഴി ക്ഷീരസംഘം | വിതരണം ചെയ്ത കാലിത്തീറ്റയുടെ അളവ് രേഖപ്പെടുത്തിയ ഇൻവോയിസ് ഇല്ല. 09 ഗുണഭോക്താക്കൾക്ക് 04 ബാഗ് വീതം (ഒരു ബാഗിൽ 50 കി. ഗ്രാം . വീതം ) വിതരണം ചെയ്തതായുള്ള സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് ഉണ്ട് . |
| 35000 | 54/19-20 /20-03-20 | കട്ടച്ചിറ ക്ഷീരസംഘം - 27000 | ഇൻവോയിസിൽ നമ്പർ , തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല . മൂന്ന് ഇൻവോയിസ് വച്ചിട്ടുള്ളതിൽ ഒരെണ്ണത്തിൽ 16 ബാഗിന് 19840 രൂപയും ( 1240രൂപ/ബാഗ് ) രണ്ടാമത്തേതിൽ 12 ബാഗിന് 14884രൂപയും . മൂന്നാമത്തേതിൽ 20 ബാഗിന് 24800രൂപയും രേഖപ്പെടുത്തിയിട്ടുണ്ട് 04ഗുണഭോക്താക്കൾക്ക് 04 ബാഗ് വീതം (ഒരു ബാഗിൽ 50 കി. ഗ്രാം . വീതം ) വിതരണം ചെയ്തതായുള്ള സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് ഉണ്ട്. ബാക്കിയുള്ള വിതരണ ലിസ്റ്റ് വച്ചിട്ടില്ല . |
| | | കറ്റാനം ക്ഷീരസംഘം - 4000 | വിതരണം ചെയ്ത കാലിത്തീറ്റയുടെ അളവ് രേഖപ്പെടുത്തിയ ഇൻവോയിസ് ഇല്ല. 10 ഗുണഭോക്താക്കൾക്ക് 04 ബാഗ് വീതം (ഒരു ബാഗിൽ 50 കി. ഗ്രാം . വീതം ) വിതരണം ചെയ്തതായുള്ള സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് ഉണ്ട് . |
| | | തെക്കേ മങ്കഴി ക്ഷീരസംഘം - 4000 | വിതരണം ചെയ്ത കാലിത്തീറ്റയുടെ അളവ് രേഖപ്പെടുത്തിയ ഇൻവോയിസ് ഇല്ല. 09 |

| ചെലവ് തുക | ട്രഷറി ബിൽ നം | തുക കൈപ്പറ്റിയ ക്ഷീരസംഘം | അപാകത |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് 04 ബാഗ് വീതം (ഒരു ബാഗിൽ 50 കി. ഗ്രാം . വീതം ) വിതരണം ചെയ്തതായുള്ള സംഘത്തിൽ നിന്നുള്ള വിതരണ ലിസ്റ്റ് ഉണ്ട് . |

വികസന ഫണ്ടിൽ നിന്ന് അനുവദിക്കാവുന്ന സബ്സിഡി 75% മാണ് . എന്നാൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇൻവോയിസ് പരിശോധിച്ചതിൽ വാങ്ങിയ കാലിത്തീറ്റയുടെ വിലയും അനുവദിച്ച സബ്സിഡിയും തമ്മിൽ പൊരുത്തക്കേട് കാണുന്നു . അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം . 30/ 16-02-2022 ന് മറുപടി നൽകിയിട്ടില്ല . ചെലവ് സംബന്ധിച്ച കൃത്യമായ വൗച്ചറുകൾ ഹാജരാക്കേണ്ടതാണ് . ചെലവ് തുക 85000/- രൂപ താൽകാലികമായി തടസ്സത്തിൽ വയ്ക്കുന്നു .

## 1-40 കുടിവെള്ള വിതരണം - ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ആദായ നികുതി 3560/-രൂപ അടച്ചു

ഗ്രാമപഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ ഹാജരാക്കിയ റ്റി. വി ദേവരാജൻ, ആര്യഭവനം എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ച് കുടിവെള്ള വിതരണത്തിന് ചുമതലപ്പെടുത്തിയിരുന്നു. 5000 ലിറ്റർ ടാങ്കിന്റെ വെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 52 രൂപ നിരക്കിലും 10000 ലിറ്റർ ടാങ്കിന്റെ കുടിവെള്ളം വിതരണം ചെയ്യുന്നതിന് 78 രൂപയുമാണ് അംഗീകരിച്ചിരുന്നത്. ഇതിൻ പ്രകാരം 355914 രൂപ കരാറുകാരന് നൽകിയിരുന്നു. ഈ തുകയുടെ 1% ആദായനികുതി കരാറുകാരനിൽ നിന്ന് ഈടാക്കിയിരുന്നില്ല. തീയതിയിലെ ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടയിരുന്ന 3560 രൂപ 14.2.2022 തീയതിയിലെ 1210109154 നം. രസീത് പ്രകാരം അടച്ചിട്ടുണ്ട്. ഈ തുക കേന്ദ്ര സർക്കാർ ഫണ്ടിലേക്ക് അടച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-41 ഹരിതകർമ്മസേന

മാലിന്യ നിർമ്മാർജ്ജനത്തിനൊപ്പം സംരംഭകത്വശേഷിവികസനവുംപ്രാപ്തമാക്കുന്നവിധമാണ് ഈ തൊഴിൽ സംരംഭം വിഭാവനം ചെയ്തിരിക്കുന്നത് . ഹരിതകർമ്മസേനയുടെപ്രവർത്തനം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെഅടിസ്ഥാനത്തിലുള്ളവിശദാംശം ചുവടെ ചേർക്കുന്നു .

ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചത് 2018 ഏപ്രിൽ മുതലാണ് .20 ാം വാർഡൊഴികെ എല്ലാ വാർഡിലും ഹരിതകർമ്മസേനാംഗങ്ങൾ ഉണ്ട് . ഒരു വാർഡിൽ 02വീതം അംഗങ്ങൾ ഉണ്ട് .ഹരിതകർമ്മസേനയെ 05 അംഗങ്ങൾ വീതമുള്ള മൈക്രോസംരംഭ ഗ്രൂപ്പുകളാക്കിയിട്ടുണ്ട് . മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി ടി പ്രവർത്തനങ്ങളിലൂടെ വരുമാനം കണ്ടെത്തുന്ന തൊഴിൽ ഗ്രൂപ്പുകളാണ് ഹരിതകർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ . പേപ്പർ , പേന നിർമ്മാണം , പ്ലാസ്റ്റിക് തരംതിരിക്കൽ , കാർഷിക പരിശീലനം എന്നിയിനങ്ങളിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് പരിശീലനം നല്കിയിട്ടുണ്ട് . മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വരുന്ന വാണിജ്യ അവസരങ്ങൾ ഒരു തൊഴിൽ സംരംഭം എന്ന നിലയിൽ പ്രയോജനപ്പെടുത്തി ഇതിലേർപ്പെടുന്ന തൊഴിൽ സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് .

ഹരിതസംരംഭ ഗ്രൂപ്പുകൾ തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ യൂസർ ഫീ ശേഖരിച്ച് ഗ്രൂപ്പ് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും 10% കോർപ്പസ് ഫണ്ട് ഹരിത കൺസോർഷ്യത്തിൽ അടച്ച് ബാക്കി തുക സംരംഭകർ വീതിച്ചെടുക്കേണ്ടതാണ് . എന്നാൽ ഹരിതസംരംഭ ഗ്രൂപ്പുകളുടെ പേരിൽ നിലവിൽ ബാങ്ക് അക്കൗണ്ട് തുറന്ന് പ്രവർത്തിക്കുന്നില്ല . ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർ ഫീ കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് അടക്കുന്നത് .

2021 ഒക്ടോബർ വരെയുള്ള മാസങ്ങളിൽ മാലിന്യശേഖരണത്തിനായി യൂസർ ഫീ 30/- രൂപ നിരക്കിലും നിലവിൽ വീടുകളിൽ നിന്നും 50/- രൂപ നിരക്കിലും കടകളിൽ നിന്നും 100/- രൂപ നിരക്കിലും യൂസർ ഫീ വാങ്ങുന്നുണ്ട് . യൂസർ ഫീ അല്ലാതെ മറ്റു വരുമാനം ലഭിക്കുന്നില്ല

ഹരിതസംരംഭകർ നൽകുന്ന 10% കോർപ്പസ് ഫണ്ട് ഹരിത കൺസോർഷ്യം സെക്രട്ടറി പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ടി ഹരിതസംരംഭ യൂണിറ്റിന് ലഭിച്ച തുകയുടെ രസീത് നൽകേണ്ടതുമാണ് .

ഹരിതകർമ്മസേന /കൺസോർഷ്യം ചുവടെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് .

01 ) അറ്റൻഡൻസ് രജിസ്റ്റർ

02 ) മിനിറ്റ്സ് ബുക്ക്

03 ) ക്യാഷ് ബുക്ക്

04 ) സ്റ്റോക്ക് രജിസ്റ്റർ - എം.സി.എഫിൽ നിന്നും ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരംതിരിച്ചുള്ള അളവ് ഈ രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ് .

പ്രിന്റ് ചെയ്യുന്ന രസീതു ബുക്കുകളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല . രസീതു ബുക്കുകളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വിതരണം , നീക്കിബാക്കി എന്നിവ കാണിക്കേണ്ടതുമാണ് .

ഹരിത കൺസോർഷ്യത്തിന്റെ കണക്ക് പുസ്തകങ്ങൾ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്.ഹരിതസംരംഭം , ഹരിതകൺസോർഷ്യം എന്നിവയുടെ ഓഡിറ്റിംഗ് കാസ് മുഖേന എല്ലാ സാമ്പത്തിക വർഷവും പൂർത്തീകരിക്കേണ്ടതാണ്

മാലിന്യം സൂക്ഷിക്കുന്നതിനായി പഞ്ചായത്തിന്റെ മാർക്കറ്റിലുള്ള എം.സി.എഫ് ഉപയോഗിക്കുന്നു. മാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

## 1-42 അങ്കണവാടികളുടെ ഭൗതിക സാഹചര്യം

ഭരണിക്കാവ് ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 35 അങ്കണവാടികൾ പ്രവർത്തിക്കുന്നു . ഇതിൽ 26 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു .06 എണ്ണം വാടക കെട്ടിടത്തിലും 03 എണ്ണം പൊതുകെട്ടിടത്തിലും പ്രവർത്തിക്കുന്നു . 35 അങ്കണവാടികളിലും ടോയ് ലെറ്റ് സൗകര്യമുണ്ട് . ബേബി ഫ്രണ്ട് ലി ടോയിലെറ്റ് ഇല്ല .21 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട് . 35 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട് . 29 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ് . എല്ലാ അങ്കണവാടികളിലും അടുക്കളക്ക് പ്രത്യേകം മുറിയുണ്ട് . എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും , ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ് . സെന്റർ നം . 03 , 154 എന്നിവ മാതൃകാ അങ്കണവാടികളാണ് . അടിസ്ഥാന സൗകര്യങ്ങളിലൊന്നായ കുടിവെള്ള ലഭ്യത എല്ലാ അംങ്കണവാടികളിലും ഉറപ്പ് വരുത്തുന്നതിനും മറ്റ് അടിസ്ഥാന , പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-43 ലൈഫ് ഭവന പദ്ധതി

01 ) 2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു .

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2019-20 | 09 | 07 | 09 | 07 | 07 | 03 |

02 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2019-20 | 3160000 | 412210 | 1292932 | 3419766 | 5900000 | 14184908 |

03 ) ഭൂമി വാങ്ങി നല്കിയ ഗുണഭോക്താക്കളുടെ വിശദാംശം

| ഭൂമി വാങ്ങി നല്കിയ ജനറൽ ഗുണഭോക്താക്കളുടെ എണ്ണം | ഭൂമി വാങ്ങി നല്കിയ എസ്.സി. ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| 03 | 03 | 825000 |

## 1-44 തൊഴിലുറപ്പ് പദ്ധതി- അവലോകനം

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 295 |

| | |
|---|---|
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4546 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2502 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2380 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 164835 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 69 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 314 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 420 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 420 |
| തൻവർഷം പൂർത്തിയാക്കിയത് | 333 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 60 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 27 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രോജക്ടുകൾക്കായി മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. എന്നാൽ ഇത് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 372210 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 372210 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1292932 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1292932 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 80000 | ലൈഫ് ഭവന പദ്ധതി (ജനറൽ) | 50000 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 42864 | 157136 |
| ജില്ല പഞ്ചായത്ത് | 2019-20 | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർ ഷിപ്പ് | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 300000 | |
| ബ്ലോക്ക് | 2019-20 | 698620 | ലൈഫ് ഭവന | 0 | 698620 |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പഞ്ചായത്ത് | | | പദ്ധതി(എസ്.സി.പി) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 140000 | ലൈഫ് ഭവന പദ്ധതി(എസ്.സി.പി) | 40000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | പകൽ വീട് മെയിന്റനൻസ് | 0 | 1000000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പാലിന് സബ്സിഡി (ജനറൽ) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പാലിന് സബ്സിഡി(വനിത) | 200000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളുടെ പക്കൽ പണം നിക്ഷേപിക്കുന്നുണ്ട്. എന്നാൽ പേയ്മെന്റ് എന്ന നിലക്കാണ് ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 34,86,754 രൂപ വരവുണ്ട്. (Schedule RP-32)ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിനിൽക്കുന്ന തുക |
|---|---|---|---|---|---|
| മുതൽ | പലിശ | | | | |
| ലൈഫ് ഭവനനിർമ്മാണം KURDFC ലോൺ | ലഭ്യമായില്ല | 34,86,754 | 77,60,080 | 11,32,353 | 1,01,14,481 |

വാർഷിക കണക്കുകൾ പ്രകാരം 1,06,80,657 രൂപയാണ് വർഷാവസാനം ബാധ്യതയായി നിൽക്കുന്ന ലോൺ കുടിശ്ശിക. വികസനഫണ്ട് മൂന്നാം ഗഡുവിൽ നിന്നുള്ള സോഴ്സ് ഡിഡക്ഷൻ കൃത്യമായി അക്കൌണ്ട് ചെയ്തിട്ടില്ലാത്തതിനാൽ രേഖപ്പെടുത്തിയ ബാധ്യത തുക തെറ്റാണ്. വാർഷിക കണക്കുകൾ സംബന്ധിച്ച പരാമർശം കൂടി കാണുക (ഖ 1-2)

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 104350582 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101085207 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 816518 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 129400 | ഹരികുമാർ.കെ.ബി., സെക്രട്ടറി |
| 1-26 | 328960 | ജയകുമാർ .കെ., അസി.സെക്രട്ടറി. |
| 1-27 | 120000 | ശുഭാദേവി.എസ്., സെക്രട്ടറി |
| 1-29 | 45406 | ജയകുമാർ .കെ., അസി.സെക്രട്ടറി. |
| 1-32 | 73752 | ശുഭാദേവി.എസ്., സെക്രട്ടറി |
| 1-36 | 34000 | ജയകുമാർ .കെ., അസി.സെക്രട്ടറി. |
| 1-39 | 85000 | ഡോക്ടർ എസ് .ജെ.ലേഖ , വെറ്റിനറി സർജൻ |
| ആകെ | 816518 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-35 : 27485 രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഹരികുമാർ കെ.ബി സെക്രട്ടറി | 31-03-21 ൽ സേവനത്തിൽ നിന്നും വിരമിച്ചു | കൊല്ലൂർ കൊയ്പള്ളി കാരാഴ്മ |

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | ഓലകെട്ടിയമ്പലം പി ഒ |
| ജയകുമാർ കെ<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി<br>മാവേലിക്കര-താമരക്കുളം ഗ്രാമപഞ്ചായത്ത് | ജയവിലാസം<br>കന്നിമേൽ പി ഒ<br>മാവേലിക്കര |
| ശുഭാദേവി എസ്<br>സെക്രട്ടറി | സെക്രട്ടറി<br>ചെറുതന ഗ്രാമപഞ്ചായത്ത് | സരയൂ<br>കൃഷ്ണനഗർ<br>കണ്ടല്ലൂർ പി ഒ<br>കായംകുളം |
| ഡോ.എസ് ജെ ലേഖ,<br>വെറ്റിനറി സർജൻ | ചീഫ് വെറ്റിനറി ഓഫീസർ<br>ജില്ലാ മൃഗസംരക്ഷണ വകുപ്പ് ഓഫീസ്<br>കണ്ണൂർ | ഉച്ചിക്കൽ പടീറ്റതിൽ<br>കൊയ്പള്ളി കാരാഴ്മ<br>ഓലകെട്ടിയമ്പലം പി ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ<br>2005-06 വരെ | എൽ.എഫ്.ജി.എ.5/1832/11/02.02.12 |
| 2006-07 മുതൽ<br>2009-10 വരെ | എൽ.എഫ്.ജി.എ.5/1577/13/22.05.14 |
| 2010-11 | എൽ.എഫ്.എ.പി.6/21/2013/20.06.13 |
| 2011-12 | എൽ.എഫ്.എ.പി6/1007/14/08.10.14 |
| 2012-13 | എൽ.എഫ്.എ.പി.6/234/15/04.04.15 |
| 2013-14 | കെ.എസ്.എ.എ.എൽ.പി/പി6/1615/15/23.01.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി/പി6/829/2016/29.07.16 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി6/1454/16 തീയതി:14-12-2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി6/988/2017 തീയതി.22.07.17/03.08.17 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി6/63/2019 തീയതി.15/01/2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി6-806/2020<br>04-01-2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്